കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തെന്നല ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.എം.പി.എം.14/2431/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തീയതി 27/10/2018

ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

തെന്നല ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : തെന്നല ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തെന്നല ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in/esubmission ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഇ മെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
3) പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം

4) കാര്യാലയ പകർപ്പ്

എബികെ 11/18

കെ.എസ്.എ.എം.പി.എം.14/2431/18

തിയ്യതി:27/10/2018

മലപ്പുറം ജില്ലയിലെ തെന്നല ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ തെന്നല ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 24.07.2017 മുതൽ 10.09.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്ന് 24.07.2017 മുതൽ 10.09.2018 വരെ നടത്തിയ പണം പിൻവലിക്കൽ, അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച് കിട്ടിയ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് എജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ തുകകൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എ.എസ്.ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | |
| ഓഡിറ്റിനു വിനിയോഗിച്ച സമയം | 11.09.2018 മുതൽ 24.09.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | പേര് | ഉദ്യോഗപ്പേര് |
| | ശ്രീ.ദിനേശൻ.എം | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.അബ്ദുന്നാസർ .പി | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ജിഷ കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.മുഹമ്മദ് ഫാസിൽ.ടി.ടി | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ എം.പി കുഞ്ഞിമൊയ്തീൻ | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ ഷൈക്ക് ബിജു.സി.എസ് | 01.04.2017 മുതൽ 03.05.2017 വരെ |
| | ശ്രീ ജോളി ജോൺ (ഇൻ ചാർജ്) | 04.05.2017 മുതൽ 31.05.2017 വരെ |
| | ശ്രീ ഷൈക്ക് ബിജു.സി.എസ് | 01.06.2017മുതൽ 15.06.2017 വരെ |
| | ശ്രീ നാരായണൻ.എം | 16.06.2017മുതൽ 31.03.2018 വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യാഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. നിമ്മി.ആർ. | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| ICDS സൂപ്പർവൈസർ | ശ്രീമതി.ഖദീജക്കുട്ടി.പി.വി | 01.04.2017 മുതൽ 29.09.2017 വരെ |
| | ശ്രീമതി.പുഷ്പ.എ | 30.09.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ | ശ്രീ. അൻസൊ സി | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. മാക്സ്‌വെൽ കെ.സി | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്റിനറി സർജ്ജൻ | ഡോ.അബ്ദുൾ ഗഫൂർ പൂങ്ങാടൻ | 01.04.2017 മുതൽ 30.08.2017 വരെ |
| | ഡോ.ഫാത്തിമ ഫൈസ്.യു | 31.08.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ അലോപ്പതി | ഡോ.ദിവ്യ. പി.ടി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിയ്ക്കൽ ഓഫീസർ ഹോമിയോ | ഡോ. റിയ മുഹമ്മദ് | 01.04.2017 മുതൽ 02.06.2017 വരെ |
| | ഡോ.ജിനകുമാരി.എം | 03.06.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ ആയ്യൂർവേദം | ഡോ.മുഹമ്മദ് ഷെമി. കെ. | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി എക്സ്റ്ററൻഷൻ ഓഫീസർ | ശ്രീ.ഗ്രൈസ് എ തച്ചിൽ | 01.04.2017 മുതൽ 31.01.2018 വരെ |
| | ശ്രീ. മഹേഷ്.പി | 01.02.2018മുതൽ 31.03.2018വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ. | 1-12 |
| | ഭാഗം 2 | |
| 13 | വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ അപാകതകൾ | 2-1 |
| 14 | വില്ലേജ് ഓഫീസിൽ നിന്ന് വസ്തു നികുതി ഡിമാന്റ് ചെയത് ഈടാക്കിയിട്ടില്ല | 2-2 |
| 15 | വസ്തു നികുതി കുറവായി നിർണ്ണയിച്ചു | 2-3 |
| | ഭാഗം 3 | |
| 16 | HMC വരവ്- ചെലവ് കണക്കുകൾ സമയബന്ധിതമായി ഓഡിറ്റിന് സമർപ്പിക്കുന്നില്ല. | 3-1 |
| 17 | പണമായി പിൻവലിച്ച ശമ്പള പരിഷ്കരണ കുടിശ്ശിക ജി.പി.എഫ് ൽ തിരിച്ചടച്ചിട്ടില്ല, കുടിശ്ശികക്ക് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടച്ചിട്ടില്ല | 3-2 |
| 18 | വാഹനത്തിന് ഇന്ധന ക്ഷമതാ ടെസ്റ്റ് നടത്തിയിട്ടില്ല. | 3-3 |

| | | |
|---|---|---|
| 19 | തെന്നല പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് വിവിധ ഉപകരണങ്ങൾ വാങ്ങൽ - പ്രോജക്ട് S0208/2018 | 3-4 |
| 20 | കാർഷിക മേഖലയിലെ പ്രോജക്ടുകളുടെ രൂപീകരണത്തിൽ അപാകത | 3-5 |
| 21 | വിനിയോഗ സാക്ഷ്യ പത്രങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. | 3-6 |
| 22 | പാലിന് സബ്സിഡി -പ്രോജക്ട് നിർവ്വഹണത്തിൽ അപാകത | 3-7 |
| 23 | റോഡ് കണക്റ്റിവിറ്റി പ്ലാനും മാപ്പും തയ്യാറാക്കിയിട്ടില്ല. | 3-8 |
| 24 | പൂർത്തീകരിച്ച പ്രവൃത്തിക്ക് വീണ്ടും സ്പിൽഓവർ ആയി പ്രൊജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങി. | 3-9 |
| 25 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം- അപാകതകൾ | 3-10 |
| 26 | അപാകത ഓഡിറ്റിൽ ചൂണ്ടിക്കാട്ടി- അധിക തുക തിരിച്ചടവാക്കി. | 3-11 |
| 27 | എൽ.ഇ.ഡി.തെരുവ് വിളക്ക് സ്ഥാപിക്കൽ - പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ | 3-12 |
| 28 | പോസ്റ്റ് മാറ്റി വയ്ക്കുന്നതിന് തുക അടച്ചു. പ്രവൃത്തി പൂർത്തിയായതിന്റെ വിവരം ലഭ്യമല്ല | 3-13 |
| 29 | അംഗൻവാടികൾ- കെട്ടിടങ്ങളുടെ അപര്യാപ്തത പരിഹരിക്കേണ്ടതാണ്. | 3-14 |
| 30 | പരിരക്ഷ – മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 3-15 |
| 31 | പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമാകുന്നില്ല | 3-16 |
| 32 | മരുന്നുകൾ ലഭ്യമായില്ല (ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ) | 3-17 |
| | ഭാഗം 4 | |
| 33 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 34 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 36 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 37 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 38 | ഓഡിറ്റ് റിക്കവറി | 4-6 |
| 39 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 40 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 42 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2017-18 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| PR No(1)/30/03/2017 | PR-No(1)/17/03/2018 |

ബഡ്ജറ്റ് രൂപീകരണത്തിൽ സമയക്രമം പാലിച്ചിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ്(1) പ്രകാരം സർക്കാർ അതാതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി 175 ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15 ാം തീയതിക്ക് മുമ്പായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതാതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. ഉപവകുപ്പ് 1 (എ) (1) പ്രകാരം സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങളേയും ഈ ആക്ടിലെ എല്ലാ ആവശ്യങ്ങളേയും പരിഗണിച്ചുകൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അതിൽ നിന്നും പഞ്ചായത്തിന്റെ അടുത്ത വർഷത്തേക്കുള്ള വരവ് ചെലവ് കാണിക്കുന്ന ഒരു ബഡ്ജറ്റ് തയ്യാറാക്കേണ്ടതും അത് പ്രസ്തുത സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർമാൻ മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച കഴിയുന്നതിനു മുമ്പായി പഞ്ചായത്ത് മുമ്പാകെ, അതിന്റെ ഒരു പ്രത്യേക യോഗത്തിൽ പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന വികസന ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച ആമുഖ പ്രഖ്യാപനത്തിനുശേഷം, പഞ്ചായത്തിന്റെ അംഗീകാരത്തിനായി വയ്ക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ 2017-18 ബഡ്ജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും സ്റ്റാന്റിംഗ് കമ്മിറ്റികളിൽ നിന്നും എസ്റ്റിമേറ്റുകൾ ക്ഷണിക്കാൻ തീരുമാനിക്കുന്നത് 08.03.17 ന് നടന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിലാണ്. 25.03.17 നടന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിലാണ് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ സമർപ്പിച്ച ബഡ്ജറ്റ് നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിഗണിച്ചത്. ആക്ടിൽ നിർദ്ദേശിക്കുന്ന സമയക്രമം 2017-18 ബഡ്ജറ്റ് രൂപീകരണത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പാലിച്ചിട്ടില്ല.

ഇക്കാര്യ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (13/19.04.2018) അടുത്ത സാമ്പത്തിക വർഷത്തിൽ ബജറ്റ് രൂപീകരണ വേളയിൽ നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി ബജറ്റ് തയ്യാറാക്കുമെന്ന് അറിയിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട | ലഭിച്ച തീയതി |
|---|---|---|

| | | |
|---|---|---|
| | തീയതി | |
| 2017-18 | 31.07.2018 | 25.4.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 20.06.2018 & 21.06.2018 | കെ എസ് എ എം പി എം 14/1032/2018 തിയ്യതി 04.07.2018 |

## 1-4 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെൻറ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,38,11,979 |
| വരവ് | 6,03,99,249 |
| ആകെ | 8,42,11,228 |
| ചെലവ് | 6,88,60,063 |
| നീക്കിബാക്കി | 1,53,51,165 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | OB | വരവ് | ആകെ | ചെലവ് | CB |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | | 11152000 | 11152000 | 10176582 | 975418 |
| വികസന ഫണ്ട് എസ്.സി.പി | | 1191272 | 1191272 | 1117000 | 74272 |
| വികസന ഫണ്ട് ടി.എസ്.പി | | 2998 | 2998 | | 2998 |
| മെയിന്റനൻസ്, റോഡ് | | 6194000 | 6194000 | 6087404 | 106596 |
| മെയിന്റനൻസ്, നോൺ റോഡ് | | 2591000 | 2591000 | 1921590 | 669410 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 5237646 | 5237646 | 5186818 | 50828 |
| കെ.എൽ.എസ്.ജി.ഡി.പി. | | 1788943 | 1788943 | 1664486 | 124457 |
| സീറോ ബാലൻസ് ബി ഫണ്ട് | | 32895080 | 32895080 | 32895080 | |
| ട്രഷറി ഓൺ ഫണ്ട് vpfa I,II | | - | | | |
| ട്രഷറി ടി.എസ്.ബി. (ജനറൽ പർപ്പസ്) | | 9362833 | 9362833 | 8714673 | 648160 |
| SBI,Tirurangadi( ലിറ്ററസി) | 1976 | 75 | 2051 | 0 | 2051 |
| SBI Tirurangadi(Total Sanitation) | 545888 | 298221 | 844109 | 835983 | 8126 |

| | | | | | |
|---|---|---|---|---|---|
| എ.എൻ.ആർ.ഇ.ജി.എസ്. | 2798 | 4259566 | 4262344 | 425900 | 3364 |
| SBI Tirurangadi(NOAP) | 90064 | | 90064 | 0 | 90064 |
| ട്രഷറി റ്റി.എസ്.ബി. ജോയിന്റ് വെഞ്ചർ ബ്ലോക്ക് പഞ്ചായത്ത് | 0 | 766850 | 766850 | 747165 | 19685 |
| കറന്റ് അക്കൗണ്ട്(E-payment) Edarikkode SBI | 5827 | 97038 | 102865 | 66368 | 36497 |
| ബി ഫണ്ട് | 0 | 32895080 | 32895080 | 32895080 | |
| Kerala Gramin Bank(TSC) | | 660286 | 660286 | 0 | 660286 |
| തനത് ഫണ്ട്(Thennala Service Co-Op Bank | 1515351 | 10001318 | 11516669 | 5760210 | 5756459 |
| TP Account (JRY) | 500 | 0 | 500 | 0 | 500 |
| TP Account (own) | 399262 | 0 | 399262 | 0 | 399262 |
| SMGB Edarikkode(Jalanidhi) | 10551154 | 12018285 | 22569439 | 14424684 | 8144755 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 191 | 138 | 05 | 48 | 72.25 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2798 | 494566 | 497364 | 494000 | 3364 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 3765000 | 3765000 | 3765000 | - |
| ആകെ | 2798 | 4259566 | 4262364 | 425900 | 3364 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 10680 | 19 |
| കർഷകതൊഴിലാളി വേതനം | 764400 | 63 |
| വിധവാപെൻഷൻ | 10243000 | 854 |
| വാർദ്ധക്യകാലപെൻഷൻ | 17384400 | 1307 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 3893600 | 351 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 420000 | 14 |
| 50 വയസ്സിനു മുകളിലുള്ള അവിവഹാഹികൾക്കുള്ള പെൻഷൻ സഹായം | 132000 | 14 |

## 1-9 ക്യാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.9.2018 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 13476/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

1.തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ , പരസ്യ നികുതി ഉൾപ്പെടെയുള്ളവ , കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല.
2. ഇ-ടെണ്ടർ നടപടികളിലൂടെ നിലവിൽ എൽ എസ് ജി ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കാൻ നടപടിയുണ്ടായിട്ടില്ല.
3.പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണത്തിനനുസരിച്ചാണോ വെള്ളക്കരം അടവാക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിന് KWA യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വാട്ടർ ടാപ്പുകളുടെ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.
4. വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി പഞ്ചായത്തു തല ആസൂത്രണ സമിതി , വർക്കിംഗ് ഗ്രൂപ്പുകൾ ഉൾപ്പെടെയുള്ളവയുടെ മേൽ നോട്ട ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം കാര്യക്ഷമമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകളുടെ കൃത്യത പരിശോധിക്കേണ്ടതും നിർദ്ദേശിക്കപ്പെടുന്ന പ്രോജക്റ്റ് ആശയങ്ങൾ നടപ്പിലാക്കുന്നുവെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ ഉറപ്പുവരുത്തേണ്ടതുമാണ്.
5. വൗച്ചറുകൾ പ്രകാരമുള്ള ചെലവുകൾ പ്രസിഡന്റ് അധികൃതമാക്കിയിട്ടില്ല.
6.ഓഡിറ്റ് കാലയളവിൽ ആർജ്ജിച്ച ആസ്തികൾ ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
7.സ്പിൽ ഓവറായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകൾ അതേ വർഷം തന്നെ പൂർത്തിയാക്കണമെന്ന നിർദ്ദേശം നടപ്പിലാക്കിയിട്ടില്ല.
8. വാർഷിക പദ്ധതി നിർവ്വഹണത്തിന്റെ മോണിറ്ററിംഗിനായി വർക്കിംഗ് ഗ്രൂപ്പുകളെ ഉപയോഗപ്പെടുത്താനായിട്ടില്ല. എസ് സി ഉപപദ്ധതി നിരീക്ഷണസിതി രൂപീകരിക്കാനുള്ള നിർദ്ദേശം നടപ്പിലാക്കിയില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13/08/2018 | 2018 July | 13/08/2018 |
| എ.ജി ഓഡിറ്റ് | 10/11/2009-21/11/2009 | 2004-05 to2008-2009 | 25/02/2017 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

1) 2016-17 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളിലെ ക്രമനം 5 ഒഴികെയുള്ള അപാകതകൾ പരിഹരിച്ചിട്ടില്ല

2)പ്രവർത്തനരഹിതമായ സാക്ഷരതാ അക്കൗണ്ട് (നം 57031225563-SBTതിരൂരങ്ങാടി ) 31.03.2018 ന് 2051 രൂപ

നീക്കിയിരിപ്പുണ്ട്. ആയത് തനതു ഫണ്ടിലേക്ക് മുതൽ കൂട്ടിയില്ല.

3)NAOP, ബാങ്ക ബുക്ക പ്രകാരം 31.3.18 ന് നീക്കിയിരിപ്പായി 90064 രൂപ കാണിച്ചിട്ടുണ്ട്. എന്നാൽ പാസ് ബുക്ക പ്രകാരം 28.8.15 ന് മേൽ തുക ഡെബിറ്റ് ചെയ്ത് നീക്കിയിരിപ്പ് ഇല്ല എന്ന് കാണിച്ചിട്ടുണ്ട്. 90064 രൂപ തിരികെ ലഭ്യമാക്കി തിരിച്ചടവാക്കേണ്ടതാണ്.

4)അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് രീതിയിലേക്ക് മാറുന്നതിനു മുമ്പുള്ള എല്ലാ ആസ്തി ബാധ്യതകളുകളുടേയും മൂല്യം തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.തൻവർഷം ആർജിച്ച ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി അസറ്റ് രജിസ്റ്റർ കാലികമാക്കിട്ടില്ല.വാർഷിക കണക്കുകളുമായി താരതമ്യം ചെയ്യാവുന്ന വിധത്തിൽ ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി രജിസ്റ്റർസൂക്ഷിച്ചിട്ടില്ല.

5)ആസ്തികൾക്ക് ഇൻകം & എക്സ് പെന്റീച്ചർ അക്കൗണ്ടിൽതൻവർഷത്തേയ്ക്കുള്ള ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല

6)അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷികകണക്കിൽ ഉൾപ്പെടുത്തിയില്ല.

7) G.O(Rt).3065/2018/fin. Dt31.3.2018 പ്രകാരം അനുവദിച്ച ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിലുള്ള 92833.00 രൂപ ബന്ധപ്പെട്ട ട്രഷറി അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. പ്രസ്തുത തുകക്കുള്ള ബിൽ ട്രഷറിയിൽ 31.3.2018 ന് സമർപ്പിച്ചിരുന്നു എങ്കിലും പുതിയ ബിൽ സമർപ്പിക്കാൻ നിർദ്ദേശിച്ച് 27.4.2018 ന് ട്രഷറി ഒബ്ജക്ട് ചെയ്യുകയാണുണ്ടായത്. ആയതിനാൽ ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ തൻവർഷത്തെ യഥാർത്ഥ വരവ് 92,70,000 രൂപയാണ്. എന്നാൽ വാർഷിക കണക്കും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും പ്രകാരം ഇത് 93,62,833 രൂപയാണ്.

8) കാലഹരണപ്പെട്ട ചെക്കുകൾ Liability in respect of stale cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

പഞ്ചായത്ത് തനതു ഫണ്ട് സൂക്ഷിക്കുന്ന തെന്നല സർവീസ് സഹകരണ ബാങ്ക്- അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ : 12481) താഴെ പറയുന്ന ചെക്കുകൾ വിതരണം ചെയ്തിരുന്നുവെങ്കിലും നാളിതു വരെ ഗുണഭോക്താക്കൾ കൈപറ്റിയിട്ടില്ല.

| വൗച്ചർ നമ്പർ | വൗച്ചർ തിയ്യതി | ഇൻസ്ട്രുമെന്റ് നമ്പർ | ഇൻസ്ട്രുമെന്റ് തിയ്യതി | തുക (₹) |
|---|---|---|---|---|
| 21700056 | 20.04.2017 | 51413 | 20.04.2017 | 1000 |
| 21700057 | 20.04.2017 | 51414 | 20.04.2017 | 1000 |

പഞ്ചായത്ത് നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ ചെക്കുകളുടെ തുക കാലാവധി കഴിഞ്ഞ ചെക്കുകൾ (Liability in respect of stale cheque) എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

9.നിഷ്ക്രിയ അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്തിട്ടില്ല

ഗ്രാമ പഞ്ചായത്ത് വ്യത്യസ്ത ആവശ്യങ്ങൾക്ക് വേണ്ടി തുടങ്ങിയ ബാങ്ക് അക്കൗണ്ടുകൾ കാലങ്ങളായി ഇടപാടുകൾ ഇല്ലാതെ കിടക്കുകയാണ്. പ്രസ്തുത നിഷ്ക്രിയ അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

| ക്ര.ന | ബാങ്ക് | അക്കൗണ്ട് നമ്പർ | 2017-18 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം അവശേഷിക്കുന്ന തുക |
|---|---|---|---|
| Treasury Account | | | |
| 1 | TP ACCOUNT (JRY)<br>(Sub Treasury, Kottakkal) | ലഭ്യമല്ല | 500 |
| 2 | TP ACCOUNT | ലഭ്യമല്ല | 3,99,262 |

| | | | |
|---|---|---|---|
| | (Own)<br>(Sub Treasury, Kottakkal) | | |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ അപാകതകൾ

ഡി ആന്റ് ഒ ലൈസൻസ്

1- ഡി ആന്റ് ഒ രജിസ്റ്റർ സൂക്ഷിപ്പിലെ/അപേക്ഷ സംബന്ധിച്ച അപാകതകൾ

1. ഡി ആന്റ് ഒ ട്രേഡേഴ്സ് ഡിമാന്റ് രജിസ്റ്ററിൽ തയ്യാറാക്കിയിട്ടുള്ള സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. ലഭ്യമാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് (രജിസ്റ്റർ) വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കാത്തതിനാൽ മുൻ വർഷങ്ങളിൽ ലഭ്യമായ എല്ലാ അപേക്ഷകളും പുതുക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്താനായില്ല. പുതിയ അപേക്ഷകൾ സപ്ലിമെന്ററി ആയി വാർഡ് അടിസ്ഥാനത്തിൽ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് തയ്യാറാക്കിയിട്ടില്ല.

3. 2017-18 ൽ ലൈസൻസ് നൽകിയ ആകെ കച്ചവട സ്ഥാപനങ്ങളുടെ എണ്ണം 235 (46 എണ്ണം പുതിയ അപേക്ഷകളാണ്) ആണ്. പുതുക്കുന്നതിനു വേണ്ടി ലഭിച്ച 189 അപേക്ഷകളിൽ 138 അപേക്ഷകളും (73%) നിശ്ചിത സമയത്തിനു ശേഷമാണ് പുതുക്കിയിട്ടുള്ളത്. സമയ ബന്ധിത ലൈസൻസ് അപേക്ഷകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. നിശ്ചിത സമയത്ത് ലൈസൻസ് പുതുക്കാത്തവരുടെ പേരിൽ ചട്ടപ്രകാരമുള്ള നടപടികളെടുത്തതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. ഇത് മൂലം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന്റെ ഒരു മാസം മുമ്പ് ലഭിക്കേണ്ട അപേക്ഷകൾ ലഭിക്കാതിരിക്കുകയും ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നുണ്ട്.

2. റേഷൻകടകൾ പഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചാത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്ന് 2017-18 സാമ്പത്തിക വർഷത്തിൽ ലൈസൻസ് നൽകുകയോ വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കുകയോ ചെയ്തിട്ടില്ല. മുൻ വർഷ റിപ്പോർട്ടിൽ ഖ 2-2 ൽ ഇക്കാര്യം സൂചിപ്പിച്ചിരുന്നു. ലൈസൻസ് എടുക്കുന്നതിൽ വീഴ്ചവരുത്തിയതിന് നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി താഴെ പറയുന്ന റേഷൻ കടയുടമകൾക്ക് 10 ദിവസത്തിനുള്ളിൽ ലൈസൻസ് ഫീസ് അടക്കണമെന്നാവശ്യപ്പെട്ട് നോട്ടീസ് അയച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | റേഷൻ കടയുടമയുടെ പേര് | വ്യാപര സ്ഥലം | അറിയിപ്പ് നൽകിയത് |
|---|---|---|---|
| 1 | ശ്രീ. അവറാൻ കുട്ടി പി.കെ<br>പരുത്തി കുന്നൻ ഹൗസ് | കോഴിച്ചെന | 31.01.2018 |
| 2 | ശ്രീ. കുഞ്ഞിമൊയ്തീൻ എം.പി | കുണ്ടൻ ചിന | 19.03.2018 |
| 3 | ശ്രീമതി. കുഞ്ഞാച്ചുട്ടി എം.സി<br>എ.ആർ.ഡി 168 | കൊടക്കല്ല് | 19.03.2018 |
| 4 | ശ്രീമതി. കദീജ പി | തെന്നല വെസ്റ്റ് | 19.03.2018 |

| ക്ര.ന | റേഷൻ കടയുടമയുടെ പേര് | വ്യാപര സ്ഥലം | അറിയിപ്പ് നൽകിയത് |
|---|---|---|---|
| | എ.ആർ.ഡി 170 | | |
| 5 | ശ്രീ. അബ്ദു റഹിമാൻ കെ.വി<br>എ.ആർ.ഡി 169 | അറക്കൽ | 19.03.2018 |

എന്നാൽ നാളിതു വരെ അടവാക്കിയതായി കാണുന്നില്ല. തുടർനടപടി സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

3. വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങളിലെ ഉപയോഗ തരം ശ്രദ്ധിക്കപ്പെടുന്നില്ല.

ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടങ്ങളിൽ വാണിജ്യ പ്രവർത്തനങ്ങളാണ് നടക്കുന്നതെങ്കിലും സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിൽ കെട്ടിടത്തിന്റെ തരം തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിലൂടെ വസ്തു നികുതി ഇനത്തിൽ നഷ്ടം സംഭവിക്കുന്നുണ്ട്. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്ര.ന | വാർഡ് നമ്പർ/ കെട്ടിട നം | ഡി ആന്റ് രജിസ്റ്ററിലെ ക്ര.ന | കടയുടെ പേര്, ഉപയോഗം | വിസ്തീർണ്ണം | നികുതി നിർണ്ണയത്തിൽ കെട്ടിടത്തിന്റെ തരം |
|---|---|---|---|---|---|
| 1 | 12/340 | 3 | പി.ടി.കെ സ്റ്റോർ, കറുത്താൽ<br>പലചരക്ക് കട | താഴത്തെ നില<br>(23.8ച മീ ) | പാർപ്പിടാവശ്യം |
| 2 | 16/9 | 5 | അൽ കമാൽ വുഡ് ഇൻഡസ്ട്രീസ് | താഴത്തെ നില (128ച മീ ) | പാർപ്പിടാവശ്യം |
| 3 | 4/329 | 62 | വി.കെ സ്റ്റോർ, അറക്കൽ<br>പലചരക്ക് കട | താഴത്തെ നില (95 ച മീ ) | പാർപ്പിടാവശ്യം |
| 4 | 6/97 | 70 | ഇ.കെ എഡിറ്റിംഗ് ലാബ്<br>പെരുമ്പുഴ ( വീഡിയോ എഡിറ്റിംഗ്) | അസസ്മെന്റ് രജിസ്റ്ററിൽ 6/97 നമ്പറിംഗ് നൽകിയിട്ടില്ല | |
| 5 | 3/208 | 209 | വി.എം ലോഡ്ജേഴ്സ്<br>മലചരക്ക് വ്യാപാരം | താഴത്തെനില (83.64 ച മീ ) | പാർപ്പിടാവശ്യം |

വിശദമായ പരിശോധന നടത്തി വസ്തു നികുതിയിനത്തിൽ ഇപ്രകാരം ഉണ്ടായിട്ടുള്ള അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

തൊഴിൽ നികുതി പിരിവിലെ അപാകതകൾ

4. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

2017-18 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന കരാറുകാർ ഗ്രാമപഞ്ചായത്തിന്റെ വിവിധ പദ്ധതികൾ ഏറ്റെടുത്തു നടത്തിയിട്ടുണ്ട്. മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് ലഭ്യമായ കരാറുകാരുടെ പേരു വിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | കരാറുകാരുടെ പേര് | ഏറ്റെടുത്ത പദ്ധതികളുടെ എണ്ണം |
|---|---|---|
| 1 | ശ്രീ. സി.എച്ച് സൈനുദ്ധീൻ | 4 |
| 2 | ശ്രീ. ഗോപാലൻ എ | 4 |
| 3 | ശ്രീ. ബഷീർ പി | 7 |
| 4 | ശ്രീ. ബുർഹാനുൽ ഹക്ക് | 21 |
| 5 | ശ്രീ. ഉമ്മർക്കോയ യു | 12 |
| 6 | ശ്രീ. അബ്ദുൽ അസീസ് ഇ.കെ | 15 |
| 7 | ശ്രീ. സൈഫുള്ള ഇ.കെ | 11 |
| 8 | ശ്രീ. ഹാരിസ് വി | 1 |
| 9 | ശ്രീ. ഷരീഫ് മഠത്തിൽ | 1 |
| 10 | ശ്രീ. ഹുസൈൻ ടി കെ | 1 |
| 11 | ശ്രീ. ഹൈദ്രോസ് കെ | 4 |
| 12 | ശ്രീ. മുഹമ്മദ് ഷരീഫ് പി | 3 |
| 13 | ശ്രീ. മുഹമ്മദ് ഫസൽ പി പി | 3 |

എന്നാൽ ഇവരിൽ ആരും തന്നെ തൊഴിൽനികുതി റിട്ടേണുകൾ പഞ്ചായത്തിൽ സമർപ്പിയ്ക്കുകയോ അർഹമായ നികുതി ഒടുക്കുകയോ ചെയ്തിട്ടില്ല. മുൻ വർഷ റിപ്പോർട്ടിൽ ഖ 2-3ൽ ഇക്കാര്യം സൂചിപ്പിച്ചിരുന്നു. തൊഴിൽനികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായ കരാറുകാരിൽ നിന്നും നികുതി ഈടാക്കി വിവരം ഓഡിററിനെ അറിയിക്കേണ്ടതാണ്.

5. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

ഡി & ഒ ലൈസൻസ് അപേക്ഷ /ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള താഴെ പറയുന്ന സ്ഥാപനങ്ങൾ അവയുടെ സ്ഥാപന തൊഴിൽ നികുതി അടക്കുന്നുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി അടക്കുന്നില്ല. 2017-18 ലെ ഡി & ഒ ലൈസൻസ് അപേക്ഷകൾ പ്രകാരം ഏതാനും സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം താഴെ കൊടുക്കുന്നു.

| ക്ര.ന | ഡി & ഒ ലൈസൻസ് അപേക്ഷ /ഡിമാന്റ് രജിസ്റ്ററിലെ ക്ര.നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1 | 17 | ഏഷ്യൻ വുഡ് , കറുത്താൽ | 4 |
| 2 | 29 | Orbiz Auto Spa | 4 |
| 3 | 37 | ഫേമസ് ഏജൻസീസ് | 3 |
| 4 | 45 | ഗ്ലോബൽ ട്രേഡേഴ്സ് | 5 |
| 5 | 50 | Dew Wood Furniture | 9 |
| 6 | 61 | അഡോറ അസോസിയേറ്റ്സ് | 3 |
| 7 | 75 | ഹൈടെക് ഫർണിച്ചർ, കോഴിച്ചെന | 4 |

| | | | |
|---|---|---|---|
| 8 | 84 | അൽ അമീൻ | 5 |
| 9 | 103 | വെൽഡ് എഞ്ചിനിയറിംഗ് വർക്സ് | 4 |
| 10 | 104 | P.M ട്രേഡേഴ്സ് , പൂക്കിപ്പറമ്പ് | 4 |
| 11 | 125 | ഫ്ലവർ ആന്റ് ഫ്ലവേഴ്സ് | 4 |
| 12 | 136 | റബീഹ് ഹോട്ടൽ, പൂക്കിപ്പറമ്പ് | 4 |
| 13 | 145 | കണ്ടംകുളത്തി ആയുർവൈദ്യ ശാല | 4 |
| 14 | 165 | പ്രവാസി ഹരിത | 6 |
| 15 | 167 | Dyna ബ്രിക്സ് | 4 |
| 16 | 235 | Dream World Enterprises | 4 |
| 17 | 274 | ഡെനോവോ ടെക്നോളജീസ് | 4 |

വസ്തു നികുതി നിർണ്ണയിക്കുന്നതിനുള്ള സഞ്ചയ സോഫ്റ്റ്‌വെയറിലെ അസസ്മെന്റ് വിവരങ്ങൾ പരിശോധിച്ചതിൽ പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി മാത്രം ഉപയോഗിക്കുന്ന 1259 കെട്ടിടങ്ങളിൽ 2017-18 വർഷത്തിൽ ഡി&ഒ ലൈസൻസെടുത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 235 എണ്ണം മാത്രമാണ്. വിശദമായ പരിശോധന നടത്തി ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളെ കണ്ടെത്താനുള്ള ശ്രമങ്ങൾ നടത്താത്തതിനാൽ ലൈസൻസ് ഫീസ്, സ്ഥാപനത്തിലെ ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും തൊഴിൽനികുതി എന്നിവ ഇനത്തിൽ തനത് വരുമാനത്തിൽ ഗണ്യമായി കുറവ് ഉണ്ടാവുന്നുണ്ട്.

6. പരസ്യനികുതി ഈടാക്കിയിട്ടില്ല

1994- ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ്- 209 പ്രകാരം, ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിൻമേലോ പരസ്യം പ്രദർശിപ്പിക്കുന്നതിന് അംഗീകരിച്ച ബൈലോ പ്രകാരമുള്ള നിരക്കിൽ പരസ്യ നികുതി ഈടാക്കാൻ നിഷ്കർഷിച്ചിട്ടുണ്ട്. ഏകദേശം 2 കിലോമീറ്ററിലധികം നാഷണൽ ഹൈവേ കടന്ന് പോകുന്ന പഞ്ചായത്ത് പരസ്യ നികുതി ഇനത്തിൽ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പര്യാപ്തമായ നിയമാനുസൃത നടപടികൾ യാതൊന്നും സ്വീകരിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 08/18.09.2018 ന് താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കി
1- ഡി ആന്റ് ഒ രജിസ്റ്റർ സൂക്ഷിപ്പിലെ/അപേക്ഷ സംബന്ധിച്ച അപാകതകൾ

1- ഡി ആന്റ് ഒ ട്രേഡേഴ്സ് ഡിമാന്റ് രജിസ്റ്ററിൽ തയ്യാറാക്കിയിട്ടുള്ള സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തി

2. 2018-19 മുതൽ ട്രേഡേഴ്സ് രജിസ്റ്റർ വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കുന്നതാണെന്നും പുതിയ അപേക്ഷകൾ സപ്ലിമെന്ററി ആയി വാർഡ് അടിസ്ഥാനത്തിൽ ചേർത്തു വെക്കുമെന്നും അറിയിച്ചു.

3. സമയ ബന്ധിതമായി ലൈസൻസ് പുതുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു.

2. റേഷൻകടകൾ പഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

റേഷൻ കടയുടമകളിൽ നിന്ന് എത്രയും വേഗം ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കാനുള്ള നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു.

3. വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങളിലെ ഉപയോഗ തരം ശ്രദ്ധിക്കപ്പെടുന്നില്ല.

ക്ര.ന 1, 4 എന്നിവ പാർപ്പിടാവശ്യത്തിന് ഉപയോഗിച്ച് വരുന്ന കെട്ടിടങ്ങളായിട്ടാണ് നികുതി

നിർണയിച്ചിരിക്കുന്നത് ടി സ്ഥാപനങ്ങൾക്ക് ആദ്യ തവണ ലൈസൻസ് അനുവദിച്ച് നൽകിയപ്പോൾ നൽകിയ നോട്ടപ്പിശക് മൂലമാണ് ഈ അപാകത സംഭവിച്ചതെന്നും തുടർവർഷങ്ങളിൽ അക്കാര്യം ശ്രദ്ധിക്കാതെ പോയതിനാലുമാണ് അപാകത ആവർത്തിച്ചതെന്നും കെട്ടിട തരം മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതായി അറിയിച്ചു.
ക്ര.ന 2, 3 എന്നിവ പ്രവർത്തിച്ചു വരുന്നത് യഥാക്രമം 6/10C, 4/337 A,B എന്നീ കെട്ടിടങ്ങളിലാണെന്നും ഇവ രണ്ടിന്റേയും ഉപയോഗതരം കച്ചവടം തന്നെയാണെന്നും ലൈസൻസിനുള്ള അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തുന്നതിൽ സെക്ഷനുകൾക്ക് സംഭവിക്കുന്ന നോട്ട പിശക് മൂലമാണ് ഇത്തരം അപാകതകൾ ആവർത്തിക്കുന്നതെന്ന് അറിയിച്ചു.
ക്ര.ന 5 നിലവിൽ പ്രവർത്തിക്കുന്നില്ലാ എന്നും അറിയിച്ചു.

<u>തൊഴിൽ നികുതി പിരിവിലെ അപാകതകൾ</u>

<u>4. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.</u>

തൊഴിൽനികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായ കരാറുകാരിൽ നിന്നും നികുതി ഈടാക്കി അക്കാര്യം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചു

<u>5. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല</u>

ജീവനക്കാരുടെ തൊഴിൽ നികുതി നിന്നും നികുതി ഈടാക്കി അക്കാര്യം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചു.

<u>6. പരസ്യനികുതി ഈടാക്കിയിട്ടില്ല</u>

ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിന് നടപടി സ്വീകരിക്കുമെന്നും പുരേഗതി വിവരം ഓഡിറ്റിനെ അറിയിക്കാമെന്ന് മറുപടി നൽകി
തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ചർച്ച ചെയ്ത് പുതിയ നികുതി വരവുകൾ കണ്ടെത്തുന്നതിനും നിലവിലെ വരവിനങ്ങളിലെ പൂർണത ഉറപ്പ് വരുത്തേണ്ടതുമാണ്.

## 2-2 <u>വില്ലേജ് ഓഫീസിൽ നിന്ന് വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല</u>

ഗ്രാമ പഞ്ചായത്ത് ഓഫീസിന് സമീപം പ്രവർത്തിക്കുന്ന (തെന്നല) വില്ലേജ് ഓഫീസ് കെട്ടിടത്തിന് നാളിതു വരെ വസ്തു നികുതി നിർണയിക്കുകയോ ഡിമാന്റ് ചെയ്ത് ഈടാക്കുകയോ ചെയ്തിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207 എച്ച് പ്രകാരം ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വക കെട്ടിടങ്ങളും, സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് വിട്ടു കൊടുത്ത സ്ഥാപനങ്ങളോട് അനുബന്ധിച്ച കെട്ടിടങ്ങൾക്കും മാത്രമേ നികുതി ഇളവ് അനുവദിച്ചിട്ടുള്ളൂ. സഞ്ചയ സോഫ്റ്റ്‌വെയറിലെ വസ്തു നികുതി നിർണയ വിവരങ്ങൾ അടങ്ങിയ ഫോം 6 പ്രകാരം വില്ലേജ് ഓഫീസിന് 15 വർഷം കാലപ്പഴക്കം ഉണ്ട്. കെട്ടിടത്തിന്റെ ആകെ തറവിസ്തീർണം 66.5 ച.മീറ്ററാണ്. കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ നികുതി, ഉപനികുതി എന്നിവ ഒഴിവക്കപ്പെട്ട കെട്ടിടങ്ങൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തിയതിനാൽ വില്ലേജ് ഓഫീസ് കെട്ടിടത്തിൽ നികുതി നിർണയിക്കുകയോ ഡിമാന്റ് ചെയ്ത് ഈടാക്കുകയോ ചെയ്തിട്ടില്ല. കേരളപഞ്ചായത്ത് രാജ് ആക്ട് 1994, സെക്ഷൻ 243 പ്രകാരം പഞ്ചായത്തിനു കിട്ടാനുള്ള ഏതെങ്കിലും നികുതിയോ മറ്റു സംഖ്യയോ മൂന്നു വർഷത്തിനുള്ളിൽ ഈടാക്കാത്തതിനാൽ കാലഹരണപ്പെട്ടുപോകും എന്ന് വ്യക്തമാക്കുന്നു.

പഞ്ചായത്തിലെ 11-ാം വാർഡിലെ (കോഴിച്ചെന) 501ാം കെട്ടിട നമ്പറിൽ പ്രവർത്തിക്കുന്ന വില്ലേജ് ഓഫീസിൽ നിന്നും വസ്തു നികുതി നിർണയിച്ച് ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 14/22.09.2018 ക്ക് വില്ലേജ് ഓഫീസിന് 15 വർഷം കാലപ്പഴക്കം ഉണ്ടെന്നും 1997, 2013 വസ്തു നികുതി പരിഷ്കരണങ്ങളിൽ നികുതി ചുമത്തിയിട്ടില്ലെന്നും അറിയിച്ചു. കെട്ടിടം പഞ്ചായത്ത് ഓഫീസിന് തൊട്ടടുത്ത് സ്ഥിതി ചെയ്യുന്നതിനാലാണ് ഇത്തരത്തിലുള്ള അപാകത ആവർത്തിച്ചതെന്ന് അറിയിച്ചു. ആയതിനാൽ കഴിഞ്ഞ കാലയളവിലെ നികുതി ഡിമാന്റ് ചെയ്യാൻ സാധിക്കാത്തതിനാലും വീഴ്ച മാപ്പാക്കുന്നതിനും തൻവർഷം (2018-19) മുതൽ ആയതിന് നികുതി ചുമത്തി ഈടാക്കുന്നതാണെന്നും അറിയിച്ചു. മറുപടി തൃപ്തികരമല്ല. നികുതി നിർണയിച്ച് കാലഹരണപ്പെട്ടതൊഴികെ കഴിഞ്ഞ കാലയളവിലെ കൂടി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-3 <u>വസ്തു നികുതി കുറവായി നിർണ്ണയിച്ചു</u>

പഞ്ചായത്തിലെ വാർഡ് നമ്പർ 5 (പൂക്കിപ്പറമ്പ്) ൽ നൽകിയ 204A മുതൽ 204F വരെ കെട്ടിട നമ്പറുകൾ ശ്രീ. അബ്ദുൽ അസീസ് എന്നവരുടെ പേരിൽ അനുവദിച്ചിട്ടുള്ള 6 കടമുറികളാണ്. (ഗ്രൗണ്ട് ഫ്ലോറിൽ 3 കടമുറികളും കെട്ടിടത്തിന്റെ ഒന്നാം നിലയിൽ നിർമ്മിച്ച 3 കടമുറികളുമാണ്).

ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി നിരക്കുകൾ താഴെ കൊടുക്കുന്നു.

വാണിജ്യാവശ്യത്തിനുള്ളവ 100ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 30 രൂപ / ച.മീ.

വാണിജ്യാവശ്യത്തിനുള്ളവ 100ച.മീറ്ററിനു മുകളിൽ ആകെ തറ വിസ്തീർണ്ണമുള്ളവ : 50 രൂപ / ച.മീ.

ചെറിയ തറ വിസ്തീർണ്ണത്തിൽ തിരിച്ച ഷോപ്പ് റൂമുകളടങ്ങിയ വിവിധ വാണിജ്യ കെട്ടിടങ്ങൾക്ക് സാമ്പത്തിക വർഷം നികുതി നിർണ്ണയിച്ചിരിക്കുന്നതും മേൽ നിരക്കുകൾ പ്രകാരമാണ്. എന്നാൽ 204A മുതൽ 204F വരെ നമ്പറുകളുള്ള ഒറ്റക്കെട്ടിടത്തിന് നികുതി നിർണ്ണയിക്കുന്നതിലേക്ക് അടിസ്ഥാന നികുതി നിരക്ക് 50/-രൂപ പരിഗണിക്കേണ്ടതിനു പകരം 30/- രൂപയാണ് കണക്കിലെടുത്തിരിക്കുന്നത്. ആയതിനാൽ നികുതി നിർണ്ണയിച്ചതിൽ കുറവ് സംഭവിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

അടിസ്ഥാന നികുതി നിരക്ക് 30/-രൂപ പ്രകാരം നികുതി നിർണ്ണയിച്ചതിന്റെ വിവരം

| കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | അടിസ്ഥാന നികുതി | വർദ്ധന. (0%) | ഇളവ് (0%) | ബയോ ഗ്യാസ് ഇളവ് (0%) | ഒന്നാം നിലയ്ക്ക് ഇളവ് (5%) | നിർണ്ണയിച്ച നികുതി | ലൈബ്രറി കരം | ആകെ |
|---|---|---|---|---|---|---|---|---|---|
| 5/204A | 20.64 m2 | 620 | 0 | 0 | 0 | 0 | 620 | 31 | 651 |
| 5/204B | 20.64 m2 | 620 | 0 | 0 | 0 | 0 | 620 | 31 | 651 |
| 5/204C | 20.63 m2 | 619 | 0 | 0 | 0 | 0 | 619 | 31 | 650 |
| 5/204D | 33.02 m2 | 991 | 0 | 0 | 0 | 49 | 942 | 47 | 989 |
| 5/204E | 33.03 m2 | 991 | 0 | 0 | 0 | 49 | 942 | 47 | 989 |
| 5/204F | 33.03 m2 | 991 | 0 | 0 | 0 | 49 | 942 | 47 | 989 |
| ആകെ | 160.99 m2 | 4832 | 1074 | 0 | 0 | 147 | 4685 | 234 | 4919 |

ബാധകമായ അടിസ്ഥാന നികുതി നിരക്ക് 50/-രൂപ പ്രകാരം നിർണ്ണയിക്കേണ്ട നികുതി വിവരം.

| കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | അടിസ്ഥാന നികുതി | വർദ്ധന. (20%) | ഇളവ് (0%) | ബയോ ഗ്യാസ് ഇളവ് (0%) | ഒന്നാം നിലയ്ക്ക് ഇളവ് (5%) | നിർണ്ണയിക്കേണ്ട നികുതി | ലൈ. കരം | ആകെ |
|---|---|---|---|---|---|---|---|---|---|
| 5/204A | 20.64 m2 | 1032 | 0 | 0 | 0 | 0 | 1032 | 52 | 1084 |
| 5/204B | 20.64 m2 | 1032 | 0 | 0 | 0 | 0 | 1032 | 52 | 1084 |
| 5/204C | 20.63 m2 | 1032 | 0 | 0 | 0 | 0 | 1032 | 52 | 1084 |
| 5/204D | 33.02 m2 | 1651 | 0 | 0 | 0 | 83 | 1568 | 78 | 1646 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 5/204E | 33.03 m2 | 1652 | 0 | 0 | 0 | 83 | 1569 | 78 | 1647 |
| 5/204F | 33.03 m2 | 1652 | 0 | 0 | 0 | 83 | 1569 | 78 | 1647 |
| ആകെ | 179.08m2 | 8051 | 0 | 0 | 0 | 249 | 7802 | 390 | 8192 |

ബാധകമായ അടിസ്ഥാന നികുതി നിരക്ക് 50/-രൂപ പ്രകാരം നികുതി നിർണ്ണയിക്കാത്തതിനാൽ വസ്തു നികുതിയിൽ 3117രൂപയുടെയും (7802- 4685) ലൈബ്രറി സെസ്സിൽ 156 രൂപയുടെയും(390 -234) ആകെ 3273 രൂപയുടെയും (8192 – 4919 ) കുറവ് വന്നിട്ടുണ്ട്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (15/ 24.09.2018) ക്ക് 2011- ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 3 ൽ ഖണ്ഡിക 4 പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിടനമ്പറുകൾ നൽകിയിട്ടുണ്ടെങ്കിലോ ഓരോ ഭാഗത്തേയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവക്ക് ഓരോന്നിനും വസ്തുനികുതി ചുമത്തേണ്ടതാണ് എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. ഓരോ റൂമും വ്യത്യസ്ത കെട്ടടങ്ങളായി പരിഗണിച്ച് അവയുടെ വിസ്തീർണം 100 ച. മീറ്ററിൽ താഴെ വരുന്നത് കൊണ്ടാണ് 30/-രൂപ നിരക്കിൽ നികുതി നിർണയിച്ചതെന്ന് അറിയിച്ചു.

വ്യക്തമായ കാരണങ്ങൾ ഒന്നും രേഖപ്പെടുത്താതെ, പ്രത്യേകം നമ്പറിന് വേണ്ടി കെട്ടിടയുടമ അപേക്ഷിക്കുക പോലും ചെയ്യാതെ ചട്ടം നിലവിൽ വന്നതിന് ശേഷം മാത്രം നിർമ്മാണം പൂർത്തീകരിച്ച ഇത്തരം കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ഏകപക്ഷീയമായി നികുതി നിരക്ക് കുറച്ച് വസ്തുനികുതി നിർണ്ണയം നടത്തിയതിനാൽ ഗ്രാമപഞ്ചായത്തിന് വലിയ തോതിലുള്ള വരുമാന നഷ്ടമാണ് സംഭവിക്കുന്നത്. ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്തഭാഗങ്ങൾ ഒരേ സമയം വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതാത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവക്ക് കെട്ടിടനമ്പർ നൽകാവുന്നതാണ്. എന്നാൽ ഒരേ വിനിയോഗത്തിലുള്ള കെട്ടിടങ്ങൾക്ക് ഈ ആനുകൂല്യത്തിന് അർഹതയില്ല. തനത് വരുമാനം സമാഹരിക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 HMC വരവ്- ചെലവ് കണക്കുകൾ സമയബന്ധിതമായി ഓഡിറ്റിന് സമർപ്പിക്കുന്നില്ല.

സാമ്പത്തിക വർഷം അവസാനിച്ച് 4 മാസത്തിനകം(ജൂലൈ 31) വരവ്-ചെലവ് കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കണമെന്നിരിക്കെ HMC കണക്കുകൾ സമയബന്ധിതമായി ഓഡിറ്റിന് സമർപ്പിക്കുന്നില്ല.

1.തെന്നല പ്രാഥമികാരോഗ്യ കേന്ദ്രം

എച്ച്.എം.സി ഫണ്ട് രൂപീകരിച്ചതു മുതൽ 2017-18 വരെയുള്ള എച്ച്.എം.സി കണക്കുകൾ നാളിതു വരെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2.തെന്നല ഗവ.ആയുർവദ ഡിസ്പെൻസറി

2016-17, 2017-18 വർഷത്തെ എച്ച്.എം.സി കണക്കുകൾ നാളിതു വരെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

3.തെന്നല ഹോമിയോ ഡിസ്പെൻസറി

2015-16, 2016-17, 2017-18 വർഷത്തെ എച്ച്.എം.സി കണക്കുകൾ നാളിതു വരെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

### 3-2 പണമായി പിൻവലിച്ച ശമ്പള പരിഷ്ക്കരണ കുടിശ്ശിക ജി.പി.എഫ് ൽ തിരിച്ചടച്ചിട്ടില്ല, കുടിശ്ശികക്ക് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടച്ചിട്ടില്ല.

ജി.ഒ (പി)നം.72/2016/ഫിൻ തീയ്യതി.20.1.2016 നമ്പർ ഉത്തരവ് പ്രകാരം l.7.2014 പ്രാബല്യത്തിൽ ശമ്പളം പരിഷ്ക്കരിച്ചതിനെ തുടർന്ന് ജീവനക്കാർക്ക് അർഹമായ l.7.2014 മുതൽ 1.1.2016 വരെയുള്ള ശമ്പള കുടിശ്ശിക നാല് ഗഡുക്കളായി, 01.04.2017, 01.10.2017, 01.04.2018 , 01.10.2018 തീയ്യതികളിൽ, പണമായി ജീവനക്കാർക്ക്

നൽകുന്നതാണെന്ന് പ്രസ്തുത ഉത്തരവിൽ പറഞ്ഞിരുന്നു. എന്നാൽ 01.04.2017, 01.10.2017 തീയ്യതികളിൽ പണമായി ശമ്പള പരിഷ്കരണ കുടിശ്ശിക പിൻവലിച്ചിട്ടുണ്ടെങ്കിൽ ആയത് ജി.പി.എഫിൽ തിരിച്ചടയ്ക്കണമെന്ന് യഥാക്രമം ജി.ഒ (പി)നം.45/2017/ഫിൻ തീയ്യതി.09.04.2017, ജി.ഒ (പി)നം.128/2017/ഫിൻ തീയ്യതി.06.10.2017 നമ്പർ സർക്കാർ ഉത്തരവുകളിൽ നിർദ്ദേശിച്ചിരുന്നു. 31.10.2017നുള്ളിൽ ജി.ഒ (പി)നം.128/2017/ഫിൻ തീയ്യതി.06.10.2017 നമ്പർ ഉത്തരവിലെ നിർദ്ദേശം പാലിക്കാത്ത ജീവനക്കാരിൽ നിന്നും തുക തിരിച്ചടയ്ക്കുന്ന കാലയളവു വരെ 12% പിഴപ്പലിശ ഈടാക്കാനും നിർദ്ദേശമുണ്ടായിരുന്നു.

ശമ്പള പരിഷ്കരണ കുടിശ്ശികക്ക് അർഹരായ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് ഒന്നും രണ്ടും ഗഡു കുടിശ്ശിക നൽകിയതിന്റെ വിവരം താഴെ പറയുന്നു.

ഒന്നാം ഗഡു

വൗച്ചർ നമ്പർ.21700036/10.4.2017 പ്രകാരം 90352.00 രൂപ പണമായി നൽകി

വൗച്ചർ നമ്പർ.217000303/11.8.2017 പ്രകാരം 57593രൂപ KPEPF ൽ അടവാക്കി

രണ്ടാം ഗഡു

വൗച്ചർ നമ്പർ.21700447/5.10.2017 പ്രകാരം 119242.00 രൂപ പണമായി നൽകി

ഇതിൽ 3 പേർ തിരിച്ചടച്ചു. (17926+16241+7421)

ശമ്പള പരിഷ്കരണ കുടിശ്ശിക പണമായി കൈപ്പറ്റിയവർ ജി.ഒ (പി)നം.128/2017/ഫിൻ തീയ്യതി.06.10.2017 നമ്പർ ഉത്തരവിലെ നിർദ്ദേശം അനുസരിച്ച് കുടിശ്ശിക തുക തിരിച്ചടച്ചിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് എറണാംകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി എഴുതിയ03.06.2018 തീയ്യതിയിലെ 685322/എ..ആർ.സി.2/2017/ധന നമ്പർ കത്തിൽ ശമ്പള പരിഷ്കരണ കുടിശ്ശികയുടെ ഒന്നും രണ്ടും ഗഡു പണമായി പിൻവലിച്ചത് തിരിച്ചടക്കേണ്ടതില്ല എന്ന് പറഞ്ഞിട്ടുള്ളതിനാൽ ജീവനക്കാരിൽ നിന്നും അവർ കൈപ്പറ്റിയ ശമ്പള പരിഷ്കരണ കുടിശ്ശിക തിരിച്ച് പിടിച്ചിട്ടില്ലെന്നാണ് മറുപടി നൽകിയിട്ടുള്ളത്. പണമായി കൈപ്പറ്റിയ ശമ്പള പരിഷ്കരണ കുടിശ്ശിക തിരിച്ചടക്കേണ്ടതില്ല എന്ന് സർക്കാർ പൊതുവായി ഉത്തരവ് പുറപ്പെടുവിക്കാത്തതിനാലും, ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ കത്തിലെ നിർദ്ദേശം എറണാംകുളം ജില്ലാപഞ്ചായത്തിന് മാത്രമാണ് ബാധകം എന്നതിനാലും പഞ്ചായത്തിന്റെ മറുപടി സ്വീകാര്യമല്ല. ഇത് സംബന്ധിച്ച് സർക്കാരിൽ നിന്നും വ്യക്തത വരുത്തി ഉത്തരവ് ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം പണമായി കൈപ്പറ്റിയ കുടിശ്ശിക തുക തിരിച്ചടക്കേണ്ടതാണ്.

ജീവനക്കാർ കൈപ്പറ്റിയ ശമ്പള പരിഷ്കരണ കുടിശ്ശികക്ക് ആനുപാതികമായ നിരക്കിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല. ആയതിന് വിശദീകരണം നൽകേണ്ടതും, പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 3-3 വാഹനത്തിന് ഇന്ധന ക്ഷമതാ ടെസ്റ്റ് നടത്തിയിട്ടില്ല.

ജി.ഒ (എം.എസ്)നം.170/2007/തസ്വഭവ തീയ്യതി.30.6.2007 നമ്പർ ഉത്തരവ് അനുസരിച്ച് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ഇന്ധന ക്ഷമത ആറ് മാസത്തിൽ ഒരിക്കൽ നടത്തണം. എന്നാൽ, 2014 ൽ വാങ്ങിയ, പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL.65.C.999 നമ്പർ ബൊലെറൊ ജീപ്പിന് 2014 ന് ശേഷം ഇന്ധന ക്ഷമതാ ടെസ്റ്റ് നടത്തിയിട്ടില്ല. ഈ നിബന്ധന പാലിക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്. വാഹനത്തിന് ഇന്ധന ക്ഷമതാ ടെസ്റ്റ് നടത്തി വിവരം അറിയിക്കേണ്ടതാണ്.

## 3-4 തെന്നല പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് വിവിധ ഉപകരണങ്ങൾ വാങ്ങൽ - പ്രോജക്ട് S0208/2018

2017-18 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ തെന്നല പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് വിവിധ ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതിയിൽ താഴെ പറയുന്ന ഉപകരണങ്ങൾ കെ.എം.എസ്.സി.എല്ലിൽ നിന്ന് നേരിട്ട് വാങ്ങുന്നതിന് 49,021 (ബിൽ നമ്പർ 14/2017-18 വികസന ഫണ്ട്) രൂപ നൽകിയിട്ടുണ്ട്.

| ക്ര.ന | ഇനം | എണ്ണം | ലഭ്യമായവയുടെ എണ്ണം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | വീൽ ചെയർ | 1 | 1 |
| 2 | നെബുലൈസർ | 1 | ലഭ്യമായിട്ടില്ല |
| 3 | ഗ്ലൂക്കോമീറ്റർ ക്ലൂൾ | 2 | 2 |
| 4 | ഗ്ലൂക്കോമീറ്റർ സ്ട്രിപ്പ് | 20 | 20 |
| 5 | ലാൻസെറ്റ് | 1000 | 750 |
| 6 | വെയിംഗ് മെഷീൻ | 2 | ലഭ്യമായിട്ടില്ല |
| 7 | നീഡിൽ & സിറിഞ്ച് | 2 | ലഭ്യമായിട്ടില്ല |
| 8 | സ്റ്റെതസ്കോപ്പ് എക്കോ | 6 | 6 |
| 9 | ബി പി അപ്പാരറ്റസ് | 5 | 5 |
| 10 | ഓക്സിജൻ സിലിൻഡർ | 1 | ലഭ്യമായിട്ടില്ല |

*ലഭ്യമാക്കാൻ അവശേഷിക്കുന്ന ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്.*

## 3-5 കാർഷിക മേഖലയിലെ പ്രോജക്ടുകളുടെ രൂപീകരണത്തിൽ അപാകത

പഞ്ചവൽസര പദ്ധതിയുടെ രൂപീകരണവുമായി ബന്ധപ്പെട്ട് കാർഷിക മേഖലയിൽ നിന്നും ശേഖരിച്ച സ്ഥിതി വിവര കണക്കിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്തിൽ ഈ മേഖലയിലെ നിലവിലെ അവസ്ഥ വ്യക്തമാക്കുന്നുണ്ട്.റിപ്പോർട്ട് അനുസരിച്ച് പഞ്ചായത്തിലെ മൊത്തം ഭൂവിസ്തൃതി 1000 ഹെക്ടറും , ആയതിൽ കൃഷിക്കനുയോജ്യമായ ഭൂമി 830 ഹെക്ടറുമാണ്. ആയതിൽ 670 ഹെക്ടറിലാണ് നിലവിൽ കൃഷി നടക്കുന്നത്.160 ഹെക്ടർ തരിശു ഭൂമിയിൽ കൃഷി യോഗ്യമായ 150 ഹെക്ടർ തരിശു ഭൂമിയുണ്ട്.ആയതിൽ 65 ഹെക്ടർ നെൽ വയലുകളും ഉൾപ്പെടുന്നു.

സ്റ്റാറ്റസ് റിപ്പോർട്ടു പ്രകാരം കാർഷിക മേഖലയിലെ ഗുരുതരമായ പ്രശ്നം ജലദൗർലഭ്യമാണ്. ആയതിനു കാരണമായി ശാസ്ത്രീയമായ മഴവെള്ള സംഭരണത്തിന്റെ കുറവാണ് ചൂണ്ടി കാണിച്ചിട്ടുള്ളത്. പ്രശ്നപരിഹാരമായി മഴക്കുഴി കോണ്ടൂർ ബണ്ടുകൾ എന്നിവ നിർമ്മിക്കുക, ജലസംഭരണികളുടെയും ജലനിർഗ്ഗമന പാതകളുടെയും പുനരുദ്ധാരണം എന്നിവയാണ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ളത്. 09.03.2017 ലെ കൃഷി അനുബന്ധ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ സ്റ്റാറ്റസ് റിപ്പോർട്ട് വിശകലനം ചെയ്യുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സ്റ്റാറ്റസ് റിപ്പോർട്ടിൽ കണ്ടെത്തിയ പ്രശ്നങ്ങളെ വിശകലനം ചെയ്ത് പ്രശ്ന പരിഹാരത്തിനുതകും വിധമുള്ള പ്രോജക്ടുകൾ നിർദ്ദേശിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പിൽ നിന്നും കാതലായ നിർദ്ദേശങ്ങളൊന്നും വന്നിട്ടില്ല. 2017-18 വർഷത്തിൽ വർക്കിംഗ് ഗ്രൂപ്പിൽ ഉയർന്നു വന്ന നിർദ്ദേശപ്രകാരം കാർഷിക മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ നെൽകൃഷി വികസനം(പ്രോജക്ട് നമ്പർ 1), പൂ കൃഷി വികസനം( പ്രോജക്ട് നമ്പർ 2), തെങ്ങ്കൃഷി -രോഗം വന്ന തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടൽ(പ്രോജക്ട് നമ്പർ 5), വാഴകൃഷി(പ്രോജക്ട് നമ്പർ 16), പച്ചക്കറി കൃഷി വികസനം(പ്രോജക്ട് നമ്പർ 29) തെങ്ങിൻ തോട്ടത്തിൽ പയർ വിത്ത് വിതരണം ( പ്രോജക്ട് നമ്പർ 43), അടുക്കളത്തോട്ടം( പ്രോജക്ട് നമ്പർ 44) ജലസേചനത്തിന് പമ്പ് സെറ്റ്( പ്രോജക്ട് നമ്പർ 45) , കിഴങ്ങ് കൃഷി വ്യാപനം ( പ്രോജക്ട് നമ്പർ 46) കുറ്റികുരുമുളക് കൃഷിവ്യാപനം (പ്രോജക്ട് നമ്പർ 171) എന്നിവയാണ്. മുൻ വർഷങ്ങളിലെ പ്രോജക്ടുകളുടെ ആവർത്തനം മാത്രമാണ് തൻവർഷത്തിലും നടപ്പിലാക്കിയത്. ജലദൗർലഭ്യം , കാർഷികോൽപന്ന വിപണന സംവിധാനത്തിന്റെ അഭാവം എന്നിങ്ങനെ കാർഷിക മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് ദീർഘകാലാടിസ്ഥാനത്തിൽ പരിഹാരം നിർദ്ദേശിക്കുന്ന പ്രോജക്ടുകളൊന്നും വിഭാവനം ചെയ്ത് നടപ്പിലാക്കിയിട്ടില്ല.

പഞ്ചായത്തിലെ കൃഷിയോഗ്യമായ 150 ഏക്കർ തരിശുഭൂമിയിൽ കൃഷി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കുന്ന കാർഷിക വിളകൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിന് സ്ഥിരമായ കാർഷിക വിപണന കേന്ദ്രം ആരംഭിക്കുന്നതിനു നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിലെ നിലവിലെ ജലസ്രോതസ്സുകൾ നവീകരിക്കുന്നതിനും ദീർഘകാലാടിസ്ഥാനത്തിൽ ജലദൗർലഭ്യത്തിന് പരിഹാരം കാണുന്നതിനായി മഴക്കുഴികൾ , കോണ്ടൂർ ബണ്ട് എന്നിവ നിർമ്മിക്കുന്നതിനും എൻ ആർ ഇ ജി എസ് പദ്ധതിയുമായി സഹകരിച്ച് പ്രോജക്ടുൾ രൂപീകരിക്കേണ്ടതാണ്.

## 3-6 വിനിയോഗ സാക്ഷ്യ പത്രങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

സെക്രട്ടറി നിർവ്വഹിച്ച താഴെ പറഞ്ഞ പ്രൊജക്ടുകൾ പ്രകാരം ചെലവഴിച്ച തുകകളുടെ വിനിയോഗ സാക്ഷ്യ പത്രങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1. പത്താംതരം തുല്യത

പ്രോജക്റ്റ് നം : 178/18

അടങ്കൽ : 35000.00 (പ്ലാൻ ജനറൽ)

1750.00 (തനത്)

ചെലവ് : 35000.00 ബിൽ നം.22/15.3.18

1750.00 വൗച്ചർ നം.21700821/15.3.18

36750.00

ഗ്രാമ പഞ്ചായത്തിലെ 21 പഠിതാക്കൾക്ക് പത്താം തരം തുല്യത പരീക്ഷ എഴുതുന്നതിനായി പരീക്ഷാ ഫീസിനത്തിലും മറ്റുമായി സാക്ഷരതാ മിഷനിൽ മേൽപ്പറഞ്ഞ ബിൽ/വൗച്ചർ മുഖേനെ അടവാക്കിയ തുക, 36750.00 രൂപ.

2. ഐ.കെ.എം ന് വിഹിതം നൽകൽ

പ്രോജക്റ്റ് നം : 85/18

അടങ്കൽ : 35000.00 (പ്ലാൻ ജനറൽ)

ചെലവ് : 35000.00 ബിൽ നം.5/11.7.18

മേൽപ്പറഞ്ഞ പ്രകാരം ഐ.കെ.എം ന് വിഹിതം നൽകാൻ ചെലവഴിച്ച തുക, 35000.00 രൂപ.

മേൽപ്പറഞ്ഞ തുകകളുടെ വിനിയോഗ സാക്ഷ്യ പത്രങ്ങൾ പരിശോധനക്ക് ഹാജരാക്കുന്നത് വരെ ചെലവു തുക തടസ്സം ചെയ്യുന്നു.

## 3-7 പാലിന് സബ്സിഡി -പ്രോജക്റ്റ് നിർവ്വഹണത്തിൽ അപാകത

2017-18 വർഷത്തിൽ ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പാലിന് സബ്സിഡി പ്രോജക്റ്റ്, നം. 81/18, പ്രകാരം 28 ഗുണഭോക്താക്കൾക്കായി 120000 രൂപ നൽകിയിട്ടുണ്ട്. ആയതിൽ 60000/- രൂപ ഗ്രാമ പഞ്ചായത്ത് വിഹിതവും 60000/- രൂപ ബ്ലോക്ക്പഞ്ചായത്ത് വിഹിതവുമാണ്. സ.ഉ(എം എസ്) നമ്പർ 80/2017 /തസ്വഭവ, തിയ്യതി 03.04.2017 പ്രകാരം സബ്സിഡി ക്ഷീര സംഘങ്ങൾ വഴി വിതരണം ചെയ്യണമെന്നും സംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് , ക്ഷീര വകുപ്പ് നൽകുന്ന 1 രൂപ ഉൾപ്പെടെ പരമാവധി നൽകാവുന്ന ധനസഹായം ലിറ്ററിന് 4 രൂപ യാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്റ്റ് രൂപീകരിച്ചതിൽ സംസ്ഥാന (ക്ഷീര വകുപ്പിന്റെ) വിഹിതം ഉൾപ്പെടുത്തിയിട്ടില്ല.

ക്ഷീര സംഘങ്ങളിൽ പാലളന്നതിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ, ക്ഷീര വകുപ്പ് നൽകുന്ന 1 രൂപ ഉൾപ്പെടെ ലിറ്ററിന് 4 രൂപ ധനസഹായം ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുകയാണ് പ്രൊജക്റ്റ് പ്രകാരം ചെയ്തിട്ടുള്ളത്. ഈ സാഹചര്യത്തിൽ, ക്ഷീര വികസന വകുപ്പ് നൽകേണ്ടുന്ന തുക ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ നിന്നും ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ് പരിശോധനക്ക് ഹാജരാക്കേണ്ടതാണെന്നും, ഇപ്രകാരം അനുവദിച്ച തുക വകുപ്പിൽ നിന്നും ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്നും കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/18.09.2018) ലഭ്യമാക്കിയ മറുപടിയിൽ പ്രോജക്റ്റ് സംഘം വഴി നടപ്പിലാക്കിയിട്ടുണ്ടെന്നും ഡിപ്പാർട്ട്മെന്റൽ സബ്സിഡി തെന്നല പഞ്ചായത്തിൽ ഉൾപ്പെട്ട സംഘത്തിൽ നൽകിയിട്ടില്ലെന്നും നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി.

സബ്സിഡി മാർഗ്ഗ രേഖയിലെ നിർദ്ദേശത്തിനു വിരുദ്ധമായി സംഘം വഴി വിതരണം ചെയ്യേണ്ട സബ്സിഡി തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് വിതരണം ചെയ്യുകയാണ് ചെയ്തത്.മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ക്ഷീര വികസനവകുപ്പിൽ നിന്നും സബ്സിഡി ലഭ്യമായിട്ടില്ലെന്ന സംഘം

സെക്രട്ടറിയുടെ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്.

## 3-8 റോഡ് കണക്ടിവിറ്റി പ്ലാനും മാപ്പും തയ്യാറാക്കിയിട്ടില്ല.

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി പ്ലാനും റോഡ് കണക്ടിവിറ്റി മാപ്പും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്ന് പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതൽ സർക്കാരിന്റെ നിർദ്ദേശമുള്ളതാണ്. ഏതൊരു റോഡ് നിർമ്മാണ പ്രോജക്ടിനോടൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗ രേഖയിൽ സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. 14-7-2007 ലെ ജി.ഒ.(എം.എസ്.)128/07/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ ഖണ്ഡിക- 5-12 പ്രകാരം ഗ്രാമ പഞ്ചായത്തുകൾ അവയുടെ അധികാര പരിധിയിൽ വരുന്ന എല്ലാ റോഡുകളുടെയും ഒരു ശൃംഖല,(കണക്ടിവിറ്റി പ്ലാൻ) അതായത് ഹൈവേയോടും മേജർ ജില്ലാ റോഡുകളുമായും ബന്ധിപ്പിക്കുന്നതും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങൾ വരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടെയും ഒരു കേന്ദ്ര ശൃംഖല തയ്യാറാക്കി ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകേണ്ടതുമാണ്. ഈ കണക്ടിവിറ്റി പ്ലാനിൽ നിലവിലുള്ള റോഡുകളുടെ വിപുലീകരണവും അറ്റകുറ്റപണിയും പുതിയ റോഡുകളുടെ നിർമ്മാണം സംബന്ധിച്ചുള്ള ഘടകവും ഉൾകൊള്ളിക്കേണ്ടതാണ്. അതിന് ശേഷം ഈ മേഖലയിലെ വിദഗ്ദരുടെ ഒരു യോഗം വിളിച്ച് ചേർത്ത് മാനദണ്ഡങ്ങളെ ആധാരമാക്കി മുൻഗണനാക്രമം നിശ്ചയിച്ച് വേണം തദ്ദേശ ഭരണ സ്ഥാപനങ്ങൾ റോഡ് പ്രവൃത്തികൾ ഏറ്റെടുക്കേണ്ടത്.

എന്നാൽ സർക്കാരിന്റെ ആവർത്തിച്ചുള്ള നിർദ്ദേശമുണ്ടായിട്ടും റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കുന്നതിന് പ്രാരംഭ നടപടികൾ പോലും ഗ്രാമ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. കണക്ടിവിറ്റി പ്ലാനിന്റെ അഭാവത്തിൽ ഗ്രാമ പഞ്ചായത്തിൽ റോഡ് പ്രവൃത്തികളുടെ മുൻഗണനാക്രമം നിശ്ചയിച്ചിരുന്നുവോ, നിശ്ചയിച്ചിരുന്നുവെങ്കിൽ എന്തടിസ്ഥാനത്തിൽ തുടങ്ങിയ വിവരങ്ങൾ ലഭ്യമല്ല.

ദീർഘ വീക്ഷണത്തോടെ കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കി ഗ്രാമ പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും പ്രയോജനം ലഭിക്കു വിധം റോഡ് പ്രവൃത്തികൾക്ക് രൂപം നൽകേണ്ടതായിരുന്നു. ഇക്കാര്യത്തിൽ വികസന സ്റ്റാൻറിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നും സമയോചിത ഇടപെടലോ നിർദ്ദേശമോ ഉണ്ടായതായി കാണുന്നില്ല.

റോഡ് കണക്ടിവിറ്റി പ്ലാനും മാപ്പും തയ്യാറാക്കുന്നതിന് വികസന സ്റ്റാൻറിംഗ് കമ്മിറ്റിയുടെ അടിയന്തിര ഇടപെടൽ ഉണ്ടാവേണ്ടതാണ്.

## 3-9 പൂർത്തീകരിച്ച പ്രവൃത്തിക്ക് വീണ്ടും സ്പിൽഓവർ ആയി പ്രൊജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങി.

കുമ്മിൾ റോഡ് കോൺക്രീറ്റിംഗ് എന്ന പേരിൽ 2017-18 വർഷത്തിൽ 195/18 നമ്പർ പ്രൊജക്ട് തയ്യാറാക്കി ( അടങ്കൽ-172000, CFC-47000, OF-125000) അംഗീകാരം വാങ്ങി. 137234 രൂപ (CFC-47000, OF-90234) ചെലവഴിച്ച് എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി 20.2% ടെണ്ടർ കുറവിൽ ശ്രീ. ബുർഹാനുൽ ഹഖ് എന്ന കരാറുകാരൻ മുഖേന പൂർത്തീകരിക്കുകയും ചെയ്തു. എം.ബുക്ക്-244/17-18 ൽ അളവ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2018-19 വർഷത്തെ വാർഷിക പദ്ധതിയിൽ 160/19 എന്ന നമ്പറിൽ ഈ പ്രവൃത്തിക്ക് വേണ്ടി സ്പിൽഓവർ ആയി പ്രൊജക്ട് ഉൾപ്പെടുത്തുകയും തനത് ഫണ്ടിൽ നിന്നും 34766 രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. പൂർത്തീകരിച്ച പ്രവൃത്തിക്ക് വേണ്ടി വീണ്ടും പ്രൊജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങിയതിന് കാരണം വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 7/ 17-9-2018 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊജക്ട് രൂപീകരണ സമയത്ത് വികസന സ്റ്റാൻറിംഗ് കമ്മിറ്റി പ്രൊജക്ടിന്റെ ആവശ്യകത വിലയിരുത്തപ്പെടുകയോ പരിശോധനാ വിധേയമാക്കുകയോ ചെയ്യുന്നില്ലെന്ന് ഇത് വ്യക്തമാക്കുന്നു.

മേലിൽ ഇത്തരം അപാകതകൾ വരാതിരിക്കാൻ വികസന സ്റ്റാൻറിംഗ് കമ്മിറ്റി ജാഗ്രത പുലർത്തേണ്ടതാണ്.

## 3-10 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം- അപാകതകൾ

2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ വിവിധ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം പരിശോധിച്ചതിൽ 135 പ്രൊജക്ടുകളായിരുന്നു തൻവർഷത്തേക്ക് അംഗീകാരം വാങ്ങിയിരുന്നത്. അംഗീകരിച്ച പ്രൊജക്ടുകളിൽ 95 എണ്ണം മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. (70 % മാത്രം).

വിശദ വിവരം ചുവടെ കൊടുക്കുന്നു.

| | പുതിയ പ്രൊജക്ടുകൾ | സ്പിൽഓവർ പ്രൊജക്ടുകൾ | ആകെ പ്രൊജക്ടുകൾ |
|---|---|---|---|
| അംഗീകരിച്ച പ്രൊജക്ടുൾ | 92 | 43 | 135 |
| നടപ്പാക്കിയവ | 56 | 39 | 95 |
| നടപ്പാക്കാത്തവ | 36 | 4 | 40 |

പ്രൊജക്ട് നിർവ്വഹണം പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. വാർഷിക പദ്ധതിയിൽ സ്പിൽഓവർ ആയി ഉൾപ്പെടുത്തിയ 4 പ്രവൃത്തികൾ തൻവർഷം പൂർത്തീകരിച്ചിട്ടില്ല. സ്പിൽഓവർ പ്രൊജക്ടുകൾ സ്പിൽഓവർ ആയ അതേ വർഷം തന്നെ പൂർത്തീകരിക്കണമെന്ന ജി.ഒ.(എം.എസ്.) 72/ 2017/ത.സ്വ.ഭ.വ, തിയതി- 29-3-2017 നമ്പർ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം ഇവിടെ പാലിക്കപ്പെട്ടിട്ടില്ല.

2.റോഡ്/ റോഡിതര മെയിന്റനൻസ് ഫണ്ടിന്റെ വിനിയോഗം ആശാവഹമല്ല.

തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ് /റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കണമെന്നും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും സേവനം മെച്ചപ്പെടുത്തി ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിനും അനുയോജ്യമായ നിർദ്ദേശങ്ങൾ ആസ്തി സംരക്ഷണ പദ്ധതിയിൽ ഉണ്ടായിരിക്കണമെന്നും പദ്ധതി മാർഗ്ഗരേഖയിൽ സർക്കാർ നിർദ്ദേശിച്ചതാണ്. എന്നാൽ സർക്കാർ നിർദ്ദേശിച്ച പ്രകാരം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാത്തതിനാൽ ഗ്രാമ പഞ്ചായത്തിന്റെ തൻവർഷത്തെ റോഡ്/ റോഡിതര മെയിന്റനൻസ് ഫണ്ടിന്റെ വലിയൊരു ഭാഗം ചെലവഴിക്കാനാവാതെ ലാപ്സായി. അസി എഞ്ചിനീയർ നിർവ്വഹണം നടത്തിയ മെയിന്റനൻസ് ഫണ്ടിന്റെ വിനിയോഗ വിവരം ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | പ്രൊജക്ടുകൾക്ക് വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| റോഡ് മെയിന്റനൻസ് | 1,04,36,513 | 60,87,404 | 58% |
| റോഡിതര മെയിന്റനൻസ് | 31,35,176 | 10,35,666 | 33% |

3. സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല.

പ്രൊജക്ട് നിർവ്വഹണം ആദ്യാവസാനം വരെ വിഭാവനം ചെയ്ത തരത്തിൽ തന്നെയാണ് നടക്കുന്നതെന്ന് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് കമ്മിറ്റികളുടെ ചുമതലയാണ് . പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട ഓരോ പ്രൊജക്ടുകളും പ്രത്യേകം മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതുണ്ട്. എന്നാൽ മരാമത്ത് പ്രവർത്തികളുടെ മോണിറ്ററിംഗ് ഇപ്രകാരം നടത്തി റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

4. നിർവ്വഹണോദ്യോഗസ്ഥൻ പ്രൊജക്ട് പൂർത്തീകരണ പത്രം തയ്യാറാക്കിയിട്ടില്ല.

പ്രൊജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും ഉൾപ്പെടുത്തി നിർവ്വഹണോദ്യോഗസ്ഥൻ പൂർത്തീകരണ പത്രം തയ്യാറാക്കണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

5. മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടിക്രമങ്ങളിൽ സുതാര്യതയില്ല.

2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ മിക്ക പ്രവൃത്തികളും കരാറുകാർ മുഖേനയാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. മിക്ക ടെണ്ടറുകളിലും രണ്ടാൾ വീതമാണ് പങ്കെടുത്തിട്ടുള്ളത്. ഒരു പ്രവൃത്തിയിൽ ഒരാൾ എസ്റ്റിമേറ്റ്

നിരക്കിൽ ടെണ്ടർ നൽകുമ്പോൾ മറ്റെയാൾ എസ്റ്റിമേറ്റ് നിരക്കിലും അധികം രേഖപ്പെടുത്തുന്നു. അടുത്ത പ്രവൃത്തിയിൽ ഇതിന് വിപരീതമായിട്ട് ടെണ്ടർ സമർപ്പിക്കുന്നു. അല്ലെങ്കിൽ ഒരു ടെണ്ടറിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ അധികവും മറ്റേത് .001% അല്ലെങ്കിൽ .01% കുറവും രേഖപ്പെടുത്തിയിരിക്കും. ടെണ്ടറിൽ പങ്കെടുക്കുന്ന കരാറുകാർ സ്ഥാപനത്തിന് പുറത്ത് വെച്ച് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ധാരണയുണ്ടാക്കി ഒത്തുകളിക്കുന്നതായി മേൽ പറഞ്ഞവയിൽ നിന്നും വ്യക്തമാണ്. ഈ പ്രവണത പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ സുതാര്യത ഇല്ലാതാക്കുന്നു. ഈ പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ്. ടെണ്ടറിൽ മത്സരം ഉറപ്പുവരുത്താനും അതുവഴി പ്രവൃത്തിയുടെ ചെലവ് കുറയ്ക്കാനും ഗ്രാമ പഞ്ചായത്ത് ജാഗ്രത പുലർത്തുന്നില്ല.

6. തൻവർഷം ആർജ്ജിച്ച എല്ലാ ആസ്തികളെയും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

7. പ്രവൃത്തി നടക്കുന്ന സ്ഥലത്ത് ഡിസ്പ്ലേ ബോർഡ് പ്രദർശിപ്പിക്കുന്നില്ല.

നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച് പ്രവൃത്തിയുടെ പേര്, വർഷം, പ്രവൃത്തി നടത്തുന്ന കരാറുകാരന്റെ പേരും ഫോൺ നമ്പറും, എഞ്ചിനീയറുടെ പേരും ഫോൺ നമ്പറും, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധന സാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശമുള്ളതാണ്. എന്നാൽ ഈ നിർദ്ദേശം പ്രാവർത്തികമാക്കുന്നില്ല.

മേൽ നിർദ്ദേശങ്ങൾ പാലിക്കപ്പെടാൻ വികസന സ്റ്റാന്റിംഗ് കമ്മറ്റി യഥാസമയം നിർദ്ദേശങ്ങൾ നൽകിയിട്ടില്ല. മരാമത്ത് പ്രവൃത്തികളുടെ ഗുണമേൻമ, സുതാര്യത, കൃത്യത , പ്രായോഗികത എന്നിവ ഉറപ്പ് വരുത്തുന്നതിന് പ്രവൃത്തികളുടെ നിർവ്വഹണ ഘട്ടങ്ങളിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ക്രിയാത്മകമായ ഇടപെടലുകൾ നടത്തേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ യഥാസമയങ്ങളിൽ നൽകേണ്ടതുമാണ്.

## 3-11 അപാകത ഓഡിറ്റിൽ ചൂണ്ടിക്കാട്ടി- അധിക തുക തിരിച്ചടവാക്കി.

താഴെ കൊടുത്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ബിൽ തുക കരാറുകാർക്ക് നൽകിയപ്പോൾ അധിക തുക നൽകാനിടയായ വിവരം ഓഡിറ്റ് എൻക്വയറിയിലൂടെ നിർവ്വഹണോദ്യോഗസ്ഥനായ അസി. എഞ്ചിനീയറെയും ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയേയും അറിയിച്ചിരുന്നു. ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് അസി. എഞ്ചിനീയർ തുക തിരിച്ചടവാക്കിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ വിവരം | തിരിച്ചടവാക്കാൻ ആവശ്യപ്പെട്ട തുകയും ഓഡിറ്റ് എൻക്വയറി നമ്പറും | തിരിച്ചടവാക്കിയ തുകയും രശീതി നമ്പറും | തുക അധികം നൽകിയതിന് കാരണം |
|---|---|---|---|---|
| 1 | കുറ്റിക്കാട് പാറ അല്ലപ്പാടം റോഡ് കോൺക്രീറ്റിംഗ്,<br>പ്രൊജക്ട് നമ്പർ- 196/18<br>കരാറുകാരൻ- ശ്രീ. ഉമ്മർ കോയ. യു. | 25569<br>ഓഡിറ്റ് എൻക്വയറി നമ്പർ-<br>5 /17-9-2018 | 118020102692/<br>19-9-2018<br>25569 രൂപ | Tender കുറവ് 16.6% ന് പകരം 3.8% മാത്രം തെറ്റായി കുറവ് ചെയ്തു. |
| 2 | ഹോമിയോ ആശുപത്രി അറ്റകുറ്റപ്പണി,<br>പ്രൊജക്ട് നമ്പർ- 140/18<br>കരാറുകാരൻ-ശ്രീ. അബ്ദുൽ അസീസ്. | 7430<br>ഓഡിറ്റ് എൻക്വയറി നമ്പർ-<br>6 /17-9-2018 | 118020102693/<br>19-9-2018<br>7430 രൂപ | സർവ്വീസ് ടാക്സ് അടക്കം കരാറുകാരന് തുക നൽകി. |

| | | | | |
|---|---|---|---|---|
| 3. | ബാക്കിപ്പറമ്പ് അംഗൻവാടി അറ്റകുറ്റപ്പണി<br>പ്രൊജക്ട് നമ്പർ- 154/18<br>കരാറുകാരൻ- ശ്രീ. ബുർഹാനൽ ഹഖ്. കെ.എ. | 17343<br>ഓഡിറ്റ് എൻക്വയറി നമ്പർ-<br>12 /19 -9-2018 | 118020102706/<br>22-9-2018<br>17343 രൂപ | മൊത്തം പ്രവൃത്തി മൂല്യത്തോട് 2 പ്രാവശ്യം സർവ്വീസ് ടാക്സ് (10.5% ) കൂട്ടി തുക നൽകി. |

ആകെ- 50342 രൂപ

## 3-12 എൽ.ഇ.ഡി.തെരുവ് വിളക്ക് സ്ഥാപിക്കൽ - പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് നം : 164/18
നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

അടങ്കൽ : 1037542.00 (ലോകബാങ്ക്)

ചെലവ് : 913725.00 ബിൽ നം.14/28.12.17

എം.ബുക്ക് : 111/2017-18

225 എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിട്ട ഈ പ്രോജക്ട് പൂർത്തിയാക്കി, നിർവ്വഹിച്ച പ്രവൃത്തിക്ക് താഴെ പറയും പ്രകാരം മൂല്യം നിർണ്ണയിച്ചിട്ടുണ്ട്.

ഇനം.1

225 എൽ.ഇ.ഡി.ലൈറ്റുകൾ സ്ഥാപിക്കൽ@4304.66 = 968548.50 [913725+54823.5 (സേവന നികുതി)]

ഇനം.2

| | |
|---|---|
| 225 പൈപ്പ് ഫിറ്റിംഗ് @290.44 = | 65349.00 [61650+3699 (സേവന നികുതി)] |
| ഇനം 1 + ഇനം 2 | 1033897.50 (-) |
| 6% സേവന നികുതി (with held) | 58522.50 |
| | 975375.50 (-) |
| ഐറ്റം 2 ന്റെ മൂല്യം (with held) | 61650.00 |
| | 913725.00 (-) |
| ഐ.ടി@1% - 9137.00 + | 18274.00 |
| KCWWF@1% - 9137.00 | 895451.00 |
| 18274.00 | |

പ്രൊജക്ട് നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

എ) മോണിറ്ററിംഗ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച അപാകത പരിഹരിച്ചതായി കാണുന്നില്ല.

വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനും, പഞ്ചായത്തിന്റെ അസിസ്റ്റന്റ് എഞ്ചിനീയറും ചേർന്ന് നൽകിയിട്ടുള്ള പ്രൊജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ടിൽ "ചില സ്ഥലങ്ങളിൽ (പോസ്റ്റുകളിൽ) ജി.ഐ.ക്ലാമ്പുകൾ സ്ഥാപിച്ചിട്ടില്ലെന്നും, പേയ്ന്റിംഗ് പൂർത്തിയാക്കിയിട്ടില്ലെന്നും" ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ റിപ്പോർട്ടിൽ ഇല്ല. ഈ അപാകത കരാറുകാരനെക്കൊണ്ട് പരിഹരിപ്പിച്ചതിന്റെ വിവരവും ഫയലിൽ

ഇല്ല. ഐറ്റം 2 ന്റെ തുക കരാറുകാരന് അനുവദിക്കുന്നതിന് മുമ്പ് മോണിറ്ററിംഗ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച ഈ അപാകത പരിഹരിക്കേണ്ടതാണ്.

ബ) ഐ.ടി. യും, കെ.സി.ഡബ്ല്യൂ.ഡബ്ല്യൂ.എഫും ഈടാക്കിയതിൽ അപാകത വന്നു

1961 ലെ ഇൻകം ടാക്സ് ആക്റ്റിലെ സെക്ഷൻ 194 സി അനുസരിച്ച് കോൺട്രാക്ടർമാർക്ക് കരാർ പ്രകാരം അനുവദിക്കുന്ന തുകകളിൽ നിന്നും വരുമാന നികുതി കുറവ് ചെയ്യണം. വ്യക്തികളും ഹിന്ദു കൂട്ടുകുടുംബവും ഒഴികെയുള്ള കരാറുകാരിൽനിന്നും 2017-18 സാമ്പത്തിക വർഷത്തിൽ 2% നിരക്കിലാണ് ഇപ്രകാരം വരുമാന നികുതി ഈടാക്കേണ്ടത്. മേൽ പ്രൊജക്ട് പ്രകാരം എൽ.ഇ.ഡി.ലൈറ്റുകൾ സ്ഥാപിക്കുന്നതിന് പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ട പവർലൈൻ ഏജൻസീസ് ഒരു പാർട്ട്നർഷിപ്പ് കൺസേൺ ആണ്. (എഗ്രിമെന്റ് നം.1/2017-18/18.4.2018 നമ്പർ കരാറിൽ ശ്രീ.പ്രദീപ് കുമാർ.വി.കെ പവർലൈൻ ഏജൻസീസിന്റെ മാനേജിംഗ് പാർട്ണർ എന്ന നിലക്കാണ് ഒപ്പു വച്ചിട്ടുള്ളത്.) ആയതിനാൽ ഈ പ്രവൃത്തിയുടെ ബില്ലിൽ നിന്നും 2% നിരക്കിലായിരുന്നു വരുമാന നികുതി ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 1% നിരക്കിലാണ് ഈടാക്കിയിട്ടുള്ളത്.

ഐറ്റം 2 ന്റെ മൂല്യം ( 61650.00) ഒഴികെയുള്ള തുകക്ക് മുകളിൽ മാത്രമാണ് ഐ.ടി. യും, കെ.സി.ഡബ്ല്യൂ.ഡബ്ല്യൂ.എഫും ചുമത്തി ഈടാക്കിയിട്ടുള്ളത്. ആയതിനാൽ കരാറുകാരനിൽ നിന്നും താഴെ പറയും പ്രകാരം തുകകൾ ഈ ഇനങ്ങളിലായി ഈടാക്കാൻ അവശേഷിക്കുന്നുണ്ട്.

| ഇനം | ഈടാക്കേണ്ടത് | ഈടാക്കിയത് | ബാക്കി |
|---|---|---|---|
| ഐ.ടി | 975375.50x2%= 19508.00 | 913725x1%=9137.00 | 10371.00 |
| കെ.സി.ഡബ്ല്യൂ.ഡബ്ല്യൂ.എഫ്. | 975375.50x1%=9735.00 | 913725x1%=9137.00 | 598.00 |

റിടെൻഷൻ തുക അനുവദിക്കുമ്പോൾ മേൽപ്പറഞ്ഞ പ്രകാരം തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-13 പോസ്റ്റ് മാറ്റി വയ്ക്കുന്നതിന് തുക അടച്ചു. പ്രവൃത്തി പൂർത്തിയായതിന്റെ വിവരം ലഭ്യമല്ല

താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം പോസ്റ്റ് മാറ്റി വയ്ക്കുന്നതിന് കെ.എസ്.ഇ.ബി യുടെ വെന്നിയൂർ ഇലക്ട്രിക് സെക്ഷൻ ഓഫീസിൽ 33386.00 രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തിയാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

വൗച്ചർ നമ്പർ/തുക

21700748/7.2.18 6818.00

21700749/7.2.18 14806.00

21700750/7.2.18 11762.00

ആകെ 33386.00

പ്രവൃത്തി പൂർത്തിയാക്കിയതിന്റെ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-14 അംഗൻവാടികളിലേക്ക് കളിയുപകരണങ്ങൾ വാങ്ങൽ- വിവിധ അപാകതകൾ

അംഗൻവാടികളിലേക്ക് കളിയുപകരണങ്ങൾ വാങ്ങുന്നതിന് താഴെ പറയുന്ന പ്രകാരം മൂന്ന് പ്രൊജക്ടുകളാണ് ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ളത്.

| പ്രൊജക്ട് നമ്പർ | പദ്ധതിയുടെ പേര് | അടങ്കൽ തുക | ബിൽ നമ്പർ / തിയ്യതി | ചെലവഴിച്ച തുക |
|---|---|---|---|---|
| 82 | ളുമ്പത്ത് പറമ്പ്, ആറുമട വാളക്കുളം അംഗൻവാടികളിൽ സീസോ, ഊഞ്ഞാൽ, സ്ളൈഡർ സ്ഥാപിക്കൽ | 49500 | 22/2017-18 Dt. 13.03.2018 | 48800 |

| | | | | |
|---|---|---|---|---|
| 209 | കോഴിച്ചെന, പൂക്കിപ്പറമ്പ് അംഗൻവാടികളിലേക്ക് കളി ഉപകരണങ്ങൾ വാങ്ങൽ (മെറിഗോ റൗണ്ട്, സീസോ, സ്ളൈഡർ) | 50000 | 26/2017-18 Dt. 24.03.2018 | 48600 |
| 210 | അപ്ളാത്തോട്, അറക്കൽ, ബാക്കിപറമ്പ് അംഗൻവാടികളിലേക്ക് റോബോട്ട് ഊഞ്ഞാൽ സ്ഥാപിക്കൽ | 50000 | 25/2017-18 Dt. 24.03.2018 | 48900 |

ഈ പദ്ധതികളുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1). സമാന സ്വഭാവമുള്ള സമാഹരണത്തിന് വ്യത്യസ്ത പ്രൊജക്ടുകൾ.

അംഗൻവാടികളിലേക്ക് കളിയുപകരണങ്ങൾ വാങ്ങുക എന്ന ഒരേ ലക്ഷ്യത്തിന് മൂന്ന് വ്യത്യസ്ത പ്രൊജക്ടുകളിലായി 149500/- രൂപയുടെ ഉപകരണങ്ങൾ വാങ്ങുന്നതിനായി പ്രോജക്ടുകൾ തയ്യാറാക്കുകയും 146300/- രൂപയുടെ ഉപകരണങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. ഒരേ ആവശ്യത്തിന് വ്യത്യസ്ത പ്രൊജക്ട് തയ്യാറാക്കിയത് ക്രമപ്രകാരമല്ല.

2). വാങ്ങൽ നടപടിക്രമങ്ങളിലെ അപാകതകൾ.

2017-18 ലെ സബ്സിഡി മാർഗ്ഗരേഖ (സ.ഉ (എം.എസ്) നം. 80/2017/തസ്വഭവ തിയതി. 03.04.2017) ഖണ്ഡിക 2-7 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടിക്രമം മാർഗ്ഗരേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ ജി.ഒ(പി) 259/2010/തസ്വഭവ തിയതി.08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരമായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പരാമർശിത മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ മതിപ്പ് വില 25000 രൂപക്ക് മുകളിലും 100000 രൂപക്ക് താഴെയുമുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടറും 100000 രൂപക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടറും ബാധകമാണ്. അംഗൻവാടികളിലേക്ക് കളിയുപകരണങ്ങൾ വാങ്ങുന്നതിനുള്ള ഈ പ്രൊജക്ടുകൾ ഒരു യൂണിറ്റായി കണക്കാക്കുകയാണെങ്കിൽ 146300 രൂപയുടെ വാങ്ങലാണ് ഗ്രാമപഞ്ചായത്ത് നടത്തിയിരിക്കുന്നത്.എന്നാൽ ഈ നടപടി ക്രമങ്ങൾ ഒന്നും പാലിക്കാതെ ക്വട്ടേഷൻ ക്ഷണിക്കുകയും, ലഭിച്ച 3 ക്വട്ടേഷനുകളിൽ കുറഞ്ഞ തുക രേഖപ്പെടുത്തിയ S&S Equipments എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ച് ഉപകരണങ്ങൾ വാങ്ങുകയുമാണ് ചെയ്തിട്ടുള്ളത്. മേൽ അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(16/24.09.2018) സമാന സ്വഭാവമുള്ള സാധനങ്ങൾ വാങ്ങുമ്പോൾ ഒറ്റ യൂണിറ്റായി കണക്കാക്കണമെന്ന അറിവില്ലായ്മ മൂലമാണ് അപാകത സംഭവിച്ചതെന്നാണ് മറുപടി ലഭ്യമാക്കിയത്. പഞ്ചായത്തിലേക്ക് സാധനങ്ങൾ സമാഹരിക്കുമ്പോൾ സർക്കാർ ഉത്തരവുകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-15 പരിരക്ഷ - മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

പാലിയേറ്റീവ് പരിചരണത്തിനു വേണ്ടി സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖ (സ.ഉ(ആർ.ടി) 3217/15/ത.സ്വ.ഭ.വ തിയതി 29-10-2015) യിലെ താഴെ പറയുന്ന നിർദ്ദേശങ്ങൾ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തുന്ന പരിരക്ഷ - പദ്ധതിയിൽ (പ്രോജക്റ്റ് നമ്പർ S0099/18' അടങ്കൽ ₹5,50,000 വികസന ഫണ്ട്, ചെലവ് ₹ 541,796) പാലിച്ചിട്ടില്ല.

1) മാർഗ്ഗരേഖ 2.3 ൽ സൂചിപ്പിച്ച പ്രകാരം ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പി.എം.സി) ഓരോ വർഷാരംഭത്തിന് മുമ്പ് ഗ്രാമ പഞ്ചായത്ത് രൂപീകരിക്കേണ്ടതും പ്രസ്തുത കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിലോ ആവശ്യാനുസരണം യോഗം ചേർന്ന് പാലിയേറ്റീവ് പ്രവർത്തനങ്ങളെ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈകൊള്ളേണ്ടതുമാണ്. പാലിയേറ്റീവ് പ്രവർത്തനം സംബന്ധിച്ച് അനുബന്ധം 9 ൽ കൊടുത്തിട്ടുള്ള മാതൃകയിലുള്ള ഓരോ മാസത്തേയും പ്രതിമാസ പ്രവർത്തന- അവലോകന റിപ്പോർട്ടും വരവ്-ചെലവ് കണക്കും ഈ യോഗത്തിൽ മെമ്പർ സെക്രട്ടറി രേഖാമൂലം അവതരിപ്പിക്കേണ്ടതും യോഗം അത് വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്.

എന്നാൽ പി എം സി മിനുട്സ് പരിശോധിച്ചതിൽ 2017-18 സാമ്പത്തിക വർഷത്തിലേക്കുള്ള കമ്മിറ്റി രൂപീകരിച്ചിട്ടില്ല. പ്രതിമാസ പ്രവർത്തന- അവലോകന റിപ്പോർട്ടും വരവ്-ചെലവ് കണക്കും യോഗങ്ങളിൽ മെമ്പർ സെക്രട്ടറി അവതരിപ്പിക്കുന്നില്ല. 2017-18 സാമ്പത്തിക വർഷത്തിൽ 02.05.2017, 16.082017, 15.11.2017, 17.02.2018, എന്നീ തിയതികളിലായി ആകെ 4 തവണ മാത്രമേ കൂടിയിട്ടുള്ളൂ. 02.05.2017, 16.082017, 15.11.2017 എന്നീ തിയതികൾ കൂടിയ യോഗത്തിലെ തീരുമാനങ്ങൾ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ഓരോ വർഷാരംഭത്തിലും പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പി എം സി) രൂപീകരിക്കാത്തതിനും യോഗം ചേരാത്തതിനും

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/15.09.2018) 2018-19 ൽ പരിരക്ഷ മാർഗ്ഗരേഖ അനുസരിച്ച് തന്നെ കൂട്ടുന്നുണ്ട് എന്ന് അറിയിച്ചു. പരിരക്ഷ മാർഗ്ഗരേഖ പാലിച്ചു കൊണ്ട് പദ്ധതി നടപ്പിലാക്കേണ്ടതാണ്.

2. മാർഗ്ഗരേഖ 2.4 ൽ സൂചിപ്പിച്ച പ്രകാരം പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ട് പോകുന്നതിനായി ഒരു പാലിയേറ്റീവ് നിർവ്വഹണ കമ്മറ്റിയും (പി.ഐ.സി) രൂപീകരിക്കേണ്ടതുണ്ട്. എല്ലാ മാസവും 5ാം തിയതിക്ക് മുമ്പായി ഈ കമ്മിറ്റി യോഗം ചേർന്ന് വിലയിരുത്തൽ നടത്തേണ്ടതാണ്.

പാലിയേറ്റീവ് നിർവ്വഹണ കമ്മറ്റി (പി.ഐ.സി) രൂപീകരിച്ചിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പരിരക്ഷാ അവലോകന യോഗത്തിന്റെ മിനുട്സിൽ 2017-18 ൽ ആകെ 4 തവണ മാത്രമാണ് (12.04.2017, 15.05.2017, 07.07.2017, 03.02.2018) പരിരക്ഷാ അവലോകനം നടത്തിയത്. എന്നാൽ തീരുമാനങ്ങൾ ഒന്നും തന്നെ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. മാർഗ്ഗ രേഖ നിർദ്ദേശിക്കും പ്രകാരം പാലിയേറ്റീവ് നിർവ്വഹണ കമ്മറ്റി (പി.ഐ.സി) രൂപീകരിക്കാത്തതിനും പ്രതിമാസ യോഗം ചേരാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/15.09.2018) പി.എം.സി യും പി.ഐ.സി ഒരുമിച്ചാണ് കൂടുന്നത് എന്നും അവലോകന വിവരങ്ങൾ മിനുട്സിൽ രേഖപ്പെടുത്താതെ വിട്ടുപോയതാണ് എന്നും അറിയിച്ചു. മിനുട്സ് പൂർത്തീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. പി.ഐ.സി. രൂപീകരിച്ചതിന്റെ വിശദ വിവരം ലഭ്യമാക്കേണ്ടതാണ്.

3) മാർഗ്ഗരേഖ 2.5 പ്രാഥമിക പാലിയേറ്റീവ് സേവനം ലഭ്യമാക്കേണ്ടവരുടെ രജിസ്ട്രേഷൻ - ഉപ ഭാഗം 2.5.6 പ്രകാരം "' *ഈ ഉത്തരവ് പ്രസിദ്ധീകരിച്ച് 60 ദിവസത്തിനകം നോമിനൽ രജിസ്ററിൽ ഉൾപ്പെട്ടിരിക്കുന്ന* രോഗികളുടെ പേരുവിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. തുടർന്ന് രജിസ്റ്ററിൽ കാലാകാലങ്ങളിൽ വരുന്ന കൂട്ടിചേർക്കലുകളും ഒഴിവാക്കലുകളും അതാത് സമയത്ത് വെബ്സൈറ്റിലുള്ള ലിസ്ററിലും മാറ്റം വരുത്തേണ്ടതാണ്. വെബ്സൈറ്റിൽ ലിസ്ററ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്ന് ഈ ഉത്തരവ് പ്രസിദ്ധീകരിച്ച് 60 ദിവസത്തിനു ശേഷം തുക ചിലവഴിക്കാൻ പാടില്ല."എന്നാൽ നാളിതു വരെ *നോമിനൽ രജിസ്ററിൽ ഉൾപ്പെട്ടിരിക്കുന്ന* രോഗികളുടെ പേരുവിവരം തെന്നല ഗ്രാമ പഞ്ചായത്തിൽ വെബ്സൈറ്റിൽ http://lsgkerala.in/thennalapanchayat/ പ്രസിദ്ധീകരിച്ചിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/15.09.2018) വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് അറിയിച്ചു. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

4) മാർഗ്ഗരേഖ 2.6.3-(7) പ്രകാരം *ഓരോ ദിവസവും* ഗൃഹസന്ദർശനം നടന്നു കഴിഞ്ഞാൽ അന്നുതന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ അനുബന്ധം 3 നെ അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ റിപ്പോർട്ട് പാലിയേറ്റീവ് കെയർ നഴ്സ് കംപ്യൂട്ടർ സോഫ്റ്റ്‌വെയർ മുഖേന അപ്‌ലോഡ് ചെയ്യേണ്ടതാണ്. അതിനാവശ്യമായ ഓൺലൈൻ സംവിധാനം ഐ.കെ.എം ലഭ്യമാക്കുന്നതാണ്. എന്നാൽ നാളിതു വരെ ആയത് ചെയ്യുന്നില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/15.09.2018) ഓൺലൈൻ റിപ്പോർട്ട് സോഫ്റ്റ്‌വെയർ വഴി അപ്‌ലോഡ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് അറിയിച്ചു. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

6. മാർഗ്ഗരേഖ 2.6.3-(6) പ്രകാരം ഓരോ ദിവസത്തേയും ഹോം കെയർ നടന്നു കഴിഞ്ഞാൽ തൊട്ടടുത്ത ദിവസം ഗൃഹസന്ദർശന വിവരങ്ങൾ രേഖപ്പെടുത്തിയ അനുബന്ധം 3 പ്രകാരമുള്ള ഫോറവും ഹോംകെയർ റിപ്പോർട്ട് ബുക്കും പാലിയേറ്റീവ് കെയർ നഴ്സ് മെഡിക്കൽ ഓഫീസർക്ക് സമർപ്പിച്ച് ഒപ്പ് വാങ്ങിക്കേണ്ടതാണ്. ആയത് ചെയ്യുന്നതിൽ വീഴ്ചയുണ്ടാകുന്നുണ്ട് എന്ന് ഹോം കെയർ രജിസ്റ്റർ (ആഷാ റിപ്പോർട്ട് രജിസ്റ്റർ) പരിശോധിച്ചതിൽ നിന്ന് വ്യക്തമായി. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/15.09.2018) 2018-19 ൽ ഗൃഹസന്ദർശന വിവരങ്ങൾ രേഖപ്പെടുത്തിയ അനുബന്ധം 3 പ്രകാരമുള്ള ഫോറവും ഹോംകെയർ റിപ്പോർട്ട് ബുക്കും പാലിയേറ്റീവ് കെയർ നഴ്സ് മെഡിക്കൽ ഓഫീസർക്ക് സമർപ്പിച്ച് ഒപ്പ് വാങ്ങിക്കുന്നുണ്ടെന്ന് അറിയിച്ചു. പരിരക്ഷ മാർഗ്ഗരേഖ പാലിച്ചു കൊണ്ട് പദ്ധതി നടപ്പിലാക്കേണ്ടതാണ്.

7. മാർഗ്ഗരേഖ 2.6.2 പ്രകാരം ദൈനം ദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായ രോഗികളുടെ പരിചരണ രീതി അവരുടെ വീടുകളിൽ ചെന്ന് പഠിപ്പിച്ച് കൊടുക്കുവാനും ആവശ്യമായ തുടർ പരിചരണം ചെയ്തു കൊടുക്കാനുമായി ഹോം കെയർ സംവിധാനം രാവിലെ 9.30 മുതൽ ആരംഭിച്ച് വൈകുന്നേരം 4.30 വരെ തദ്ദേശ ഭരണ സ്ഥാപന പരിധിയിൽ , കൂടുതൽ പരിചരണം ആവശ്യമുള്ള 8 രോഗികളെയെങ്കിലും ഒരു ദിവസം സന്ദർശിക്കേണ്ടതും ആഴ്ചയിൽ 4 ൽ കുറയാതെയുള്ള ഹോം കെയർ ദിനങ്ങൾ (മാസത്തിൽ 16) വരുന്ന രീതിയിലാണ് ഹോം കെയർ ആസൂത്രണം ചെയ്യേണ്ടതുമാണ്.

എന്നാൽ 2017-18 സാമ്പത്തിക വർഷത്തിൽ മേൽ സർക്കാർ നിർദ്ദേശം പാലിക്കുന്നതിൽ 16 വീഴ്ച സംഭവിച്ചിട്ടുണ്ട്

എന്ന് ഹോം കെയർ രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് ബോധ്യപ്പെട്ടു.

| ക്ര.ന | മാസം | ഹോം കെയർ ദിനങ്ങൾ | കുറവ് |
|---|---|---|---|
| 1 | ഏപ്രിൽ | 12 | 4 |
| 2 | മെയ് | 14 | 2 |
| 3 | ജൂൺ | 13 | 3 |
| 4 | ജൂലൈ | 13 | 3 |
| 5 | ആഗസ്റ്റ് | 13 | 3 |
| 6 | സെപ്തംബർ | 12 | 4 |
| 7 | ഒക്ടോബർ | 14 | 2 |
| 8 | നവംബർ | 12 | 4 |
| 9 | ഡിസംബർ | 10 | 6 |
| 10 | ജനുവരി | 12 | 4 |
| 11 | ഫെബ്രുവരി | 11 | 5 |
| 12 | മാർച്ച് | 14 | 2 |
| | ആകെ | 150 | 42 |

2017-18 സാമ്പത്തിക വർഷത്തിൽ പാലിയേറ്റീവ് നിർവഹണ രംഗത്തെ ആസൂത്രണത്തിന്റെ അഭാവം മൂലം 42 ദിവസത്തെ കുറവ് സംഭവിച്ചിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/15.09.2018) 2017-18 ൽ പരിരക്ഷ പ്രോജക്ടിന് അനുവദിച്ച ഫണ്ട് കുറവായതിനാലും രോഗികളുടെ എണ്ണം കുറവായതിനാലുമാണ് അപാകത സംഭവിച്ചതെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചു. മറുപടി തൃപ്തികരമല്ല. ഈ വിഷയത്തിലേക്ക് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. പരിരക്ഷ മാർഗ്ഗരേഖ പാലിച്ചു കൊണ്ട് പദ്ധതി നടപ്പിലാക്കേണ്ടതാണ്.

7. പരിരക്ഷ പദ്ധതിക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിനായി ₹ 2,30,000 (ബിൽ നമ്പർ 08/2017-18 തിയ്യതി 20.03.2018 വികസന ഫണ്ട് പൊതുവിഭാഗം) തുക ട്രഷറി മുഖേന നേരിട്ട് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ, തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ മരുന്നുകൾ യാതൊന്നും ലഭ്യമായിച്ചിട്ടില്ല. മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു. മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-16 പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമാകുന്നില്ല

പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങുന്നതിന് താഴെപ്പറയും പ്രകാരം തുക ട്രഷറി മുഖേന നേരിട്ട് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ, തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ മരുന്നുകൾ ലഭിച്ചിട്ടില്ല. തുക ചെലവഴിച്ചതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ | പദ്ധതിയുടെ പേര് | അടങ്കൽ തുക | ബിൽ നമ്പർ / തിയ്യതി | ചെലവഴിച്ച തുക |
|---|---|---|---|---|
| S0102 | പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ | 150,000 | 04/2017-18 തിയതി 23.10.2017 ₹ 57,116<br>07/2017-18 തിയതി 20.03.2018 ₹92,884 | 150,000 |
| S0101 | വൃദ്ധജനങ്ങൾക്ക് മരുന്ന് വാങ്ങൽ | 1,46,687 | 13/2017-18 തിയതി 26.03.2018 | 1,46,687 |

വൃദ്ധജനങ്ങൾക്ക് മരുന്ന് വാങ്ങൽ പദ്ധതിയുമായി ബന്ധപ്പെട്ട് മരുന്നുകൾ ഡിപ്പാർട്ട്മെന്റ് സ്റ്റോറിൽ ലഭ്യമല്ല എന്നുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(1/15.09.2018) മരുന്നുകൾ ഘട്ടം ഘട്ടമായി മരുന്നുകൾ ലഭ്യമാക്കും എന്ന് KMSCL അറിയിച്ചതായി മെഡിക്കൽ ഓഫീസർ അറിയിച്ചു. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയക്കുന്നത് വരെ ചെലവ് തുക 296,687 തടസ്സം ചെയ്യുന്നു.

## 3-17 മരുന്നുകൾ ലഭ്യമായില്ല (ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ)

2017-18 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവഹണം നടത്തിയ ഹോമിയോ ആശുപത്രിക്ക് മരുന്ന് എന്ന പ്രോജക്ടിൽ (പ്രൊജക്ട് നം S0074/18 ) മരുന്നുകൾ വാങ്ങുന്നതിനായി താഴെപ്പറയും പ്രകാരം തുക ട്രഷറി മുഖേന കേരള സ്റ്റേറ്റ് ഹോമിയോപതിക്ക് കോപ്പറേറ്റീവ് ഫാർമസി, ആലപ്പുഴ-ക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ മരുന്നുകൾ ലഭിച്ചിട്ടില്ല. തുക ചെലവഴിച്ചതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ, പേര് | ബിൽ നമ്പർ/തിയ്യതി |
|---|---|
| (S0074/18)<br><br>ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ | 01/2017-18 തിയതി 13-11-2017<br><br>₹ 1,00,000 (സംരക്ഷണ ഫണ്ട്-റോഡിതരം) |

(എ) NEFT മുഖേന ട്രാൻസ്ഫർ ചെയ്ത 1,00,000 രൂപ 18.11.2017 ന് കിട്ടിയതിന്റെ രസീതി അയച്ച തന്നു എങ്കിലും നാളിതു വരെ യാതൊരു മരുന്നുകളും ഡിസ്പൻസറിക്ക് ലഭ്യമായിട്ടില്ല.

(ബി) മരുന്നുകൾ ഡിപ്പാർട്ട്മെന്റ് സ്റ്റോറിൽ ലഭ്യമല്ല എന്നുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(3/15.09.2018) മരുന്നുകൾ ഡിസ്പെൻസറിയിൽ ലഭ്യമായിട്ടുണ്ട് എന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചു. മരുന്നുകൾ സ്റ്റോക്കിലെടുത്ത് വിവരം ലഭ്യമാക്കേണ്ടതാണ്. നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്ന് ചുരുങ്ങിയ ദിവസത്തിനുള്ള ലഭ്യമാകും എന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചു. തുടർ വിവരം അറിയിക്കേണ്ടതാണ്

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| വേങ്ങര ബ്ലോക്ക് പഞ്ചായത്ത് | 196850 | ആശ്രയ പ്രൊജക്ട് | ഇല്ല | Rs.196850/- |
| | 510000 | നെല്ലുല്പാദന ബോണസ് | 510000 | 0 |
| | 60000 | പാലിന് സബ്സിഡി | 60000 | 0 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം താഴെ പറയും പ്രകാരം 3550/- രൂപ ഈടാക്കിയിട്ടുണ്ട് . എന്നാൽ ആയത് പരിശോധിക്കുന്നതിന് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ലഭ്യമാക്കിയ പ്രൊഫോർമ പ്രകാരമുള്ള വിവരം താഴെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (രൂപ) | ഒടുക്കിയ ആളുടെ പേര് | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| 1989-90, 1990-91 | 10 | 50/- | മുഹമ്മദ് സൂഫി | 117020106894 തീയ്യതി 23/03/2018 |
| 2002-2003 | 3(6) | 3500/- | കൃഷ്ണദാസ് | 117020106894 തീയ്യതി 10/10/2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2013-14 | 5-2 | (അധ്യായം 9-5) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും – പ്രവർത്തനക്ഷമതാ റിപ്പോർട്ട് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, മേൽവിലാസം | സർചാർജ് സർട്ടിഫിക്കറ്റ് നമ്പർ തീയ്യതി | തുക | അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 1996-97 | 42,43 | എം.കൃഷ്ണൻ | LF.6528/Spl.Cell /Sc3/20/2000 dt.14.12.2001 | 275 | 275 | തുക ഈടാക്കിയ വിവരം ലഭ്യമല്ല. |
| 2 | 1996-97 | 44,46,47,48, | എം.കൃഷ്ണൻ | LF.6528/Spl.Cell /Sc3/20/2000 dt.14.12.2001 | 1055 | 1055 | തുക ഈടാക്കിയ വിവരം ലഭ്യമല്ല. |
| 3 | 2007-08 | 3-15 (ഭാഗികം) 3-16 | പി.കൃഷ്ണൻകുട്ടി (അസി.എഞ്ചിനീയർ) പൂത്ത പറമ്പിൽ ഹൗസ് വള്ളുമ്പ്രം.പി.ഒ മലപ്പുറം.673651 | LF.6448/Spl.Cell /Sc/D1/12/2000 dt.16.02.2015 | 153463 | 153463 | തുക ഈടാക്കിയ വിവരം ലഭ്യമല്ല. |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | 2009-10, 2010-11 | 3-I(II) | കൃഷ്ണൻകുട്ടി.എൻ | LF.19780/Spl.Cell /Sc/D1/13/ dt.26.09.17 | 6804 | | രസീത് നമ്പർ 1180205000 /07.04.18 പ്രകാരം അടവാക്കി. |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 8,42,11,228 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,88,60,063 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,68,437 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-15(7) | 2,30,000 | ഡോ.ദിവ്യ. പി.ടി (മെഡിക്കൽ ഓഫീസർ അലോപതി) |
| 3-16 | 2,96,687 | ഡോ.ദിവ്യ. പി.ടി (മെഡിക്കൽ ഓഫീസർ അലോപതി) |
| 3-6 | 71,750 | ശ്രീ നാരായണൻ.എം, സെക്രട്ടറി |
| ആകെ | 5,98,437 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഇനം |
|---|---|---|
| 3-12 | 10371 | ഐ.ടി |
| | 598 | കെ.സി.ഡബ്ല്യൂ.ഡബ്ല്യൂ.എഫ്. |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | | |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1979-80 | എൽ എഫ്എം9/514/87/31.10.89 | 6 |
| 1983-84 | എൽ എഫ് എം9/446/88/31.10.89 | 3 |
| 1987-88<br>88-89 | എൽ എഫ് എം9/1047/93/1.3.94 | 23 |
| 1989-90<br>90-91 | എൽ എഫ് എം9/937/94/3.8.94 | 4 |
| 1991-92 | എൽ എഫ് എം128/93/8.7.93 | 1 |
| 1992-93<br>93-94 | എൽ എഫ് എം9/681/96/8.1.97 | 15 |
| 1995-96 | എൽ എഫ് എം15/450/98/8.9.98 | 27 |
| 1996-97 | എൽ എഫ് എം15/4449/96/31.1.05 | 28 |

| | | |
|---|---|---|
| 1.7.1998 മുതൽ 31.3.2001 വരെ പ്ലാൻ | എൽ എഫ് എം13/884/04/21.10.04 | 39 |
| 1997-98വരവ് | എൽ എഫ് എം10/2081/06/10.4.07 | 1 |
| 1997-98ചെലവ് | എൽ എഫ് എം15/449/99/31.1.05 | 28 |
| 1998-99 (പ്ലാൻ ഒഴികെ) | എൽ എഫ് എം10/2083/06/10.4.07 | 16 |
| 1999-00 (പ്ലാൻ ഒഴികെ) | എൽ എഫ് എം10/2084/06/18.4.07 | 7 |
| 2000-01 (പ്ലാൻ ഒഴികെ) | എൽ എഫ് എം10/2341/07/15.12.08 | 4 |
| 2001-02 | എൽ എഫ് എം10/2343/07/15.12.08 | 6 |
| 2002-03 | എൽ എഫ് എം10/2342/07/15.12.08 | 8 |
| 2003-04 | എൽ എഫ് എം10/2344/07/15.12.08 | 13 |
| 2004-05 | എൽ എഫ് എം10/1322/08/13.1.09 | 11 |
| 2005-06 | എൽ എഫ് എം10/1735/09/18.1.10 | 9 |
| 2006-07 | എൽ എഫ് എം10/1736/09/26.3.10 | 25 |
| 2007-08 | എൽ എഫ് എം14/1786/11/15.9.11 | 13 |
| 2008-09 | എൽ എഫ് എം14/1787/11/15.9.11 | 4 |
| 2009-10<br>2010-11 | എൽ എഫ് എം19/3109/14/4.2.15 | 12 |
| 2011-12 | എൽ എഫ് എം14/883/14/1.11.14 | 5 |

| | | |
|---|---|---|
| 2012-13 | | |
| 2013-14<br>2014-15 | കെ എസ് എ എം പി എം14/510/2016/ 14.3.16 | 8 |
| 2015-16 | കെ എസ് എ എം പി എം14/2729/17<br>19.6.208 | 9 |
| 2016-17 | കെ എസ് എ എം പി എം14/1811/17<br>21.7.2018 | 8 |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം -1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം.14/1032/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

പിൻ- 676 505 ഫോൺ: 0483-2734951

ഇ-മെയിൽ: dompm.ksad@kerala.gov.in

തീയ്യതി 04/07/2018

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകപ്പ് ,ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ തെന്നല ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തെന്നല ഗ്രാമ പഞ്ചായത്തിന്റെ 2017-18 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽഅവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
മലപ്പുറം

## AUDIT CERTIFICATE

No.KSA/MPM/14/1032/2018

Kerala State Audit Department
District office ,Malappuram

Phone: 0483 -2734951

Email: dompm.ksad@kerala.gov.in

Date: 04/07/2018

Certified that I have audited the Annual Financial Statement of Thennala Grama panchayath in Malappuram District of the year ended on 31.3.2018 in accordance with section 4 of the Kerala Local Fund Audit Act 1994. Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Thennala Grama panchayath for the year 2017-18 except the observations in My audit report properly presents the picture of income and expenditure.

Deputy Director

State Audit Department

Malappuram